നിയമ സംസ്കാര കേന്ദ്രത്തിന്റെ

# ജനനീതി

3.00 ക.

# വക്കീൽമാർ ക്ഷോഭിച്ചാൽ



കേരളത്തിലെ പ്രൈവറ്റ് ബസ് ജീവനക്കാരെപ്പോലെ തൊട്ടതിനും പിടിച്ചതിനുമൊക്കെ പണിമുടക്കുന്നവരാണ് തമിഴ്നാട്ടിലെ വക്കീൽമാർ. കഴിഞ്ഞ ഫെബ്രുവരി 19ലെ ഒരു സമരവും സംഘട്ടനവും തീവെപ്പും.

144

ഏപ്രിൽ 2009

# 114–ാം വയസ്സിലെത്തിയ ഒരു മാസിക

**- ഇന്ദ്രാണി ദത്ത -**

"പ്രബുദ്ധ ഭാരതം" ഈ ജനുവരി ലക്കത്തോടെ 114–ാം വയസ്സിലെത്തി. ലോകത്തിലെ 125 രാജ്യങ്ങളിൽ അതിന്നു വരിക്കാരുണ്ട്. ഹിമാലയ സാനുക്കളിലെ ഉത്തരഖണ്ഡിൽ സ്ഥിതിചെയ്യുന്ന 6400 അടി ഉയരമുള്ള മായാവതിയാണതിന്റെ ആസ്ഥാനം. പേർ സൂചിപ്പിക്കുന്നതുപോലെതന്നെ ഒരു പ്രബുദ്ധ ഭാരതം പടുത്തുയർത്താനായി സ്വാമി വിവേകാനന്ദൻ ആരംഭിച്ചതാണ് ഈ മാസിക. 1896ൽ പ്രസിദ്ധീകരണമാരംഭിച്ച ഈ മാസികയുടെ ഒരൊറ്റ ലക്കം പോലും മുടങ്ങിയിട്ടില്ല. ഇന്ത്യയിലെ ഇത്തരത്തിലുള്ള മാസികകളിൽ ഏറ്റവും പഴക്കം ചെന്നതാണിത്.

വിവേകാനന്ദസ്വാമികൾ തന്റെ അഭിപ്രായങ്ങൾ അവതരിപ്പിച്ചിരുന്നത് ഈ മാസികയിലൂടെയാണ്. ഇന്ത്യയിലെന്നല്ല ലോകത്തിലെത്തന്നെ മഹാപുരുഷന്മാരിൽ പലരും ഇന്ത്യൻ സംസ്കാരം, ആത്മീയത, മതം, തത്വചിന്ത, ചരിത്രം, മനശ്ശാസ്ത്രം തുടങ്ങിയ വിഷയങ്ങളെക്കുറിച്ച് ഈ മാസികയിൽ എഴുതിയിട്ടുണ്ട്. ഇതിന്റെ എഡിറ്റോറിയൽ ഓഫീസ് ഉത്തരഖണ്ഡിലെ മായാവതിയാണെങ്കിലും മാസിക അച്ചടിച്ച് പ്രസിദ്ധീകരിക്കുന്നത് രാമകൃഷ്ണാശ്രമം വകയായ കൽക്കത്തയിലെ അദ്വൈതാശ്രമമാണ്.

ഇതിലെ ലേഖകരിൽ ലിയോ ടോൾസ്റ്റോയ്, രവീന്ദ്രനാഥ ടാഗോർ, ബാലഗംഗാധര തിലകൻ, ജവാഹർലാൽ നെഹ്റു കൾഗുസ്ഥാവ് യങ്, ആർണോൾഡ് ടോയൻബീ, യദുനാഥ് സർക്കാർ, റൈസ് ഡേവിഡ്സ്, രമേശചന്ദ്ര മജുംദാർ, സർ സി.പി. രാമസ്വാമി അയ്യർ, സരോജിനി നായിഡു, ജഗദീശ് ചന്ദ്രബോസ് തുടങ്ങിയവരെല്ലാം പെടും.

താൻ പ്രബുദ്ധ ഭാരതത്തിന്റെ ഒരു സ്ഥിരം വായനക്കാരനാണെന്നും മതപരമായ കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിൽ അതു കാണിക്കുന്ന പക്വതയാണ് അതിന്റെ ഏറ്റവും വലിയ സവിശേഷതയെന്നും ഡോ. എസ്. രാധാകൃഷ്ണൻ പറയുന്നു. പ്രബുദ്ധ ഭാരതത്തിലെ ലേഖനങ്ങൾ ഓരോന്നും ഭാരതീയ സംസ്കാരത്തിന്റെ തനിമക്കുള്ള സംഭാവനയാണെന്ന് ടാഗോർ വിശേഷിപ്പിക്കുന്നു.

100 കൊല്ലംമുമ്പ് ഒരു പാശ്ചാത്യ ശിഷ്യൻ എഴുതിയ "നിഴലിന്റെ പിന്നാലെയുള്ള ഓട്ടം" എന്നൊരു ലേഖനം ഈ മാസത്തിലെ വാർഷിക പതിപ്പിൽ പുനഃപ്രസിദ്ധീകരണം ചെയ്തിട്ടുണ്ട്. ഒരു നൂറ്റാണ്ടു കഴിഞ്ഞിട്ടും കാര്യങ്ങൾക്ക് പ്രത്യേകിച്ചൊരു മാറ്റവും വന്നിട്ടില്ലെന്ന് അത് കാണിക്കുന്നു. ❑

ജനനീതി

ഏപ്രിൽ 2009

**144**

പത്രാധിപർ:

**ടി.വി. അച്ചുതവാരിയർ**

പത്രാധിപസമിതി:

**കെ.ജി. ശങ്കരപ്പിള്ള**
**സി.പി. ഗംഗാധരൻ**
**ഫ്രാൻസീസ് സേവ്യർ**
**പി.എസ്. മനോജ്കുമാർ**
**പി.എൻ. ഗോപീകൃഷ്ണൻ**
**എൻ.എൻ. ഗോകുൽദാസ്**
**ജോർജ്ജ് പുലികുത്തിയിൽ**

**ജനനീതി**
**പി.ബി. നമ്പർ 8**
**തോട്ടപ്പടി, മണ്ണുത്തി പോസ്റ്റ്**
**തൃശൂർ – 680 651**
Tel :-487 2373479, 2373281
Fax:-487- 2373281
E-mail: gpneethi@sancharnet.in
Web: www.jananeethi.org

എഡിറ്റോറിയൽ

# അരുതാത്തത് ചെയ്താൽ അനുഭവിച്ചുതീർക്കാൻ ആയുസ്സു മതിയാവില്ല

മാർച്ച് മൂന്നാം തിയ്യതി പാക്കിസ്താനിലെ ലാഹോറിൽ ശ്രീലങ്കാ ക്രിക്കറ്റ് ടീമിന്നുനേരെ നടന്ന ഭീകരാക്രമണം 1972ലെ മ്യൂണിക് ദുരന്തത്തോട് സമാനമാണെന്നു പറയാം. മ്യൂണിക് ഒളിമ്പിക്സിൽ പങ്കെടുത്തിരുന്ന പതിനൊന്നു ഇസ്രേലി അത്‌ലറ്റുകൾ കൊല്ലപ്പെട്ടുവെങ്കിൽ, ലാഹോറിൽ ഭാഗ്യംകൊണ്ടുമാത്രം കളിക്കാരാരും മരിച്ചില്ല. എന്നിട്ടും ആറു രക്ഷാഭടന്മാരെ പാക്കിസ്ഥാന് ബലി കൊടുക്കേണ്ടിവന്നു. ആരാണ് അക്രമികളെന്നും എന്തായിരുന്നു അവരുടെ ഉദ്ദേശമെന്നും മറ്റും അറിയാൻ കുറെകാലം കാത്തിരിക്കേണ്ടിവരും. താനൊഴിച്ചുള്ളവരെയെല്ലാം കുറ്റം പറയുന്ന ഒരു ശീലം നമുക്ക് പണ്ടേയുണ്ടല്ലോ.

ഈ ദുരന്ത പരമ്പരകൾക്ക് ഒരറുതി വരുത്തണമെന്ന് നമ്മൾ യഥാർത്ഥമായും ആഗ്രഹിക്കുന്നുണ്ടെങ്കിൽ, നാം ഇതിന്റെയെല്ലാം ആദ്യം മുതൽക്കേ ചിന്തിക്കേണ്ടിയിരിക്കുന്നു. ജനാധിപത്യം, സമാധാനം, മര്യാദ എന്നിവയൊന്നും അങ്ങാടിയിൽനിന്ന് വാങ്ങാൻ കിട്ടുന്നതോ ആർക്കെങ്കിലും സൗജന്യമായി തരാൻ കഴിയുന്നതോ അല്ല. ബുദ്ധിമുട്ടി, കഷ്ടപ്പെട്ട് നേടിയെടുക്കേണ്ടവയും, നേടിയതെല്ലാം പൊന്നുപോലെ കാത്തുസൂക്ഷിക്കേണ്ടവയുമാണ്. ഇതൊക്കെ നാം ഓർക്കണം; ദിവസവും ഒരായിരം തവണയെങ്കിലും ഉരുവിടണം; ഉരുവിട്ടുരുവിട്ട് ഇവ നമ്മുടെ ജീവിതത്തിന്റെ ഭാഗമായിത്തീരണം. വേറൊരു പോംവഴിയുമില്ല.

നമ്മുടെ നാട്ടിൽ ഇരുപതു പേരടങ്ങിയ ഒരു ഘോഷയാത്ര നടന്നുവെന്നു കരുതുക. പത്തു കാറുകളുടെയെങ്കിലും ചില്ല് നാം എറിഞ്ഞുടക്കും; രണ്ടു ബസ്സിനെങ്കിലും കേടുവരുത്തും. പോലീസുമായുള്ള ബലാബലപരീക്ഷയിൽ ഒരു ഡസൻ പേരെങ്കിലും ആസ്പത്രിയിലെത്തും. (അതിന്റെ പേരിൽ മറ്റൊരു ഹർത്താൽ ഉണ്ടായെന്നുംവരും.) അതേ സമയം പാശ്ചാത്യ രാജ്യങ്ങളിലേക്കൊന്നു നോക്കൂ. ഇപ്പോൾ ടെലിവിഷൻ സാർവ്വത്രികമാകയാൽ നമുക്ക് സ്വീകരണമുറിയിൽ ഇരുന്നുകൊണ്ടുതന്നെ അതൊക്കെ കാണാം. പതിനായിരം പേർ പങ്കെടുത്ത പ്രകടനമായാലും ഒരാൾ ഒരു കല്ലെടുത്ത് എറിയുന്നത് നാം കാണില്ല; ഒരു വാഹനത്തിന്ന് കേടുവരുത്തിയതായി നാം കാണില്ല. അതാണ് ജനാധിപത്യം; അതാണ് അച്ചടക്കം. അവിടെ ഭീകരതയില്ല; ഭീകരതയുടെ ആവശ്യവുമില്ല.

ഇനിയിതാ തിരഞ്ഞെടുപ്പുവരുന്നു. ഇവിടെ തിരഞ്ഞെടുപ്പു നടത്താൻ ചുമതലപ്പെട്ട എലക്ഷൻ കമ്മീഷനിൽതന്നെ അടിപിടി! എന്നിട്ടവർ ഒന്നും അറിയാത്തതുപോലെ നമ്മുടെ മുന്നിൽ വന്നിരുന്ന് വേദാന്തങ്ങൾ പറയുന്നു. തിരഞ്ഞെടുപ്പിൽ മത്സരിക്കാൻ പോകുന്ന പാർട്ടികൾക്കെന്തെങ്കിലും ആദർശമുണ്ടോ? പ്രത്യയശാസ്ത്രമുണ്ടോ? ഓരോ നേതാവിനും ഓരോ പാർട്ടി എന്നതാണ് ഇന്നത്തെ കണക്ക്. ആരേയെങ്കിലുമൊക്കെ കൂട്ടുപിടിച്ച് ലോകസഭയിൽ 272 സീറ്റ് തികയ്ക്കണമെന്നാണ് എല്ലാവരുടേയും ലക്ഷ്യം. ഒരിടത്ത് പരസ്പരം മത്സരിക്കുന്നവർ തൊട്ടടുത്ത സീറ്റിൽ “ഭായിഭായി” ആയി ഒന്നിച്ചുനിൽക്കും. ഇതെല്ലാം കണ്ടിട്ടും ആർക്കും ഒരു അറപ്പും വെറുപ്പും ഇല്ലതാനും! ഒരു പൂരം കാണുന്നത്ര ലാഘവത്തോടെ എല്ലാവരും അതിൽ പങ്കാളിയാകുന്നു. പണ്ട് മഹാരാജാക്കന്മാർക്ക് സ്തുതി പാടിയിരുന്നവർ ഇന്ന് കോടീശ്വരന്മാർക്ക് സ്തുതി പാടുന്നു; കൂടെ ക്രമിനലുകൾക്കും.

ഇങ്ങനെയൊക്കെയാണെങ്കിലും തോൽവി സമ്മതിക്കാൻ നമ്മളാരും തയ്യാറല്ല. തിരഞ്ഞെടുപ്പുഫലം പ്രഖ്യാപിച്ചതിന്റെ അടുത്ത ദിവസം തന്നെ വിജയിക്കെതിരെ കേസ് ഫയൽ ചെയ്യും. തിരഞ്ഞെടുപ്പു കേസുകൾ ആറുമാസത്തിന്നകം വിചാരണ നടത്തി വിധി പറയണമെന്നാണ് വ്യവസ്ഥയെങ്കിലും, അഞ്ചു കൊല്ലം കഴിഞ്ഞാലും ഒരു വിധിയുണ്ടാകില്ലെന്ന് അറിഞ്ഞുകൊണ്ടുതന്നെയാണ് നാം കേസ് കൊടുക്കുന്നത്. എന്തുകൊണ്ട് നമുക്ക് ജയാപജയങ്ങളെ അംഗീകരിക്കാനാവുന്നില്ല?

തിരഞ്ഞെടുപ്പിൽ മത്സരിക്കുന്നത് പലവിധത്തിലാകാം. ചില പാർട്ടികൾ ചില പൊതു പരിപാടികളുടെ അടിസ്ഥാനത്തിൽ ഒന്നിച്ചുനിന്ന് മത്സരിക്കാറുണ്ട്. തിരഞ്ഞെടുപ്പിൽ ജയിച്ചാൽ ആ പൊതു പരിപാടി നടപ്പാക്കുമെന്നതാണ് പ്രധാനം. ജർമ്മനിയിൽ “ഗ്രീൻസ്” എന്ന പരിസ്ഥിതിവാദികളുമായി സഖ്യമുണ്ടാക്കി ജയിച്ചു. ഗ്രീൻസ് പാർട്ടിയിൽ ജയിച്ചവർ വളരെ കുറവായിരുന്നിട്ടും തിരഞ്ഞെടുപ്പു സഖ്യത്തിന്റെ അടിസ്ഥാനത്തിൽ ജർമ്മനി അണുവൈദ്യുതി കേന്ദ്രത്തിന്റെ പണി ഉപേക്ഷിച്ചു. അതായത് അവിടെ വാക്കിന്നു വിലയുണ്ട്. ഇന്ത്യിലായിരുന്നുവെങ്കിൽ ഗ്രീൻസിനെ ഉപേക്ഷിച്ച് മറ്റേതെങ്കിലും പാർട്ടിയുമായി സഖ്യമുണ്ടാക്കി അധികാരമേൽക്കുമായിരുന്നു. 1991ലെ പാർലിമെന്റ് തിരഞ്ഞെടുപ്പ് ഓർത്തു നോക്കൂ. തിരഞ്ഞെടുപ്പിൽ തങ്ങൾ ജയിച്ചാൽ ഒരു കൊല്ലത്തിന്നകം തങ്ങൾ ചെയ്യുന്ന കാര്യങ്ങൾ 1,2,3 എന്നിങ്ങനെ അക്കമിട്ട് നിരത്തിയാണ് കോൺഗ്രസ് മാനിഫെസ്റ്റോ തയ്യാറാക്കിയത്. തിരഞ്ഞെടുപ്പു കഴിഞ്ഞ് നരസിംഹറാവു പ്രധാനമന്ത്രി പദമേറ്റപ്പോൾ ആദ്യം ചെയ്തത് ആ മാനിഫെസ്റ്റോ എടുത്ത് കൊട്ടയിലിടുകയായിരുന്നു. അതിന്ന് അന്നു ചൂട്ടു പിടിച്ച ആളാണ് ഇന്ന് പ്രധാനമന്ത്രിയായിരിക്കുന്ന മൻമോഹൻ സിങ്. സത്യസന്ധതക്ക് പച്ചപുല്ലിന്റെ വിലപോലും കല്പിക്കാത്തവരാണ് ഇന്ത്യയിലെ രാഷ്ട്രീയ കക്ഷികൾ; അതിലൊന്നു പ്രതിഷേധിക്കുക പോലും ചെയ്യാത്തവരാണ് ഇന്ത്യയിലെ ജനങ്ങൾ. കള്ളപ്പറയും ചെറുനാഴിയുമൊക്കെ സർവ്വസാധാരണമാണ് എന്നു നാം ആശ്വസിക്കുന്നു.

തിരഞ്ഞെടുപ്പിന്നു മുമ്പ് രാഷ്ട്രീയ സഖ്യമുണ്ടാക്കിക്കൊള്ളണമെന്നില്ല. ഏതു കക്ഷിക്കും സ്വന്തം ആശയാദർശങ്ങളുടെ അടിസ്ഥാനത്തിൽ തന്നെ മത്സരിക്കാം. തിരഞ്ഞെടുപ്പു ഫലം പുറത്തുവന്നശേഷം യോജിക്കാവുന്ന കക്ഷികൾക്ക് തമ്മിൽ യോജിച്ച് ഭരണമേൽക്കാം. പക്ഷെ ആ യോജിപ്പ് ഭരിക്കാൻ വേണ്ടി മാത്രമാകരുത്; ചില പ്രഖ്യാപിത പരിപാടികളുടെ അടിസ്ഥാനത്തിലാകണം. ആ പരിപാടി പ്രകാരം മുന്നോട്ടു പോകാനാവില്ലെന്നു കണ്ടാൽ രാജി വയ്ക്കാനുള്ള ധർമ്മബോധം രാഷ്ട്രീയ കക്ഷികൾക്കുണ്ടാകണം.

ധാർമ്മികതയെല്ലാം വെറും പുല്ലാണെന്നും; എങ്ങനെയെങ്കിലും അധികാരത്തിൽ കയറിപ്പറ്റുക എന്നതാണ് രാഷ്ട്രീയത്തിൽ പ്രധാനമെന്നും ചിന്തിക്കുന്നവരാണ് ഇന്നത്തെ കെടുതികൾക്കെല്ലാം കാരണം. ഇതിനെക്കുറിച്ചുള്ള ചിന്ത എവിടെനിന്നു വേണമെങ്കിലും ആരംഭിക്കാം; അയ്യായിരം കൊല്ലം മുമ്പു മുതൽക്കാകാം.

സ്വാതന്ത്ര്യം നേടിയ 1947 ൽ പാക്കിസ്താൻ അവരുടെ പട്ടാളക്കാരെ ഗോത്രവർഗ്ഗക്കാരുടെ വേഷം കെട്ടിച്ച് കാശ്മീരിലേക്കയച്ചു; കാശ്മീർ പ്രശ്നം അന്നാരംഭിക്കുന്നു; പാക്കിസ്താനിലെ പട്ടാള ഭരണ പ്രശ്നവും അന്നാരംഭിക്കുന്നു. എല്ലാ രാജ്യങ്ങൾക്കും ഒരു പട്ടാളമുണ്ടെങ്കിൽ, പാക്പട്ടാളത്തിന്നൊരു രാജ്യമുണ്ടെന്ന പാശ്ചാത്യ ഫലിതം എത്ര വേദനാജനകമാണ്! ഈ പട്ടാളം അതിന്റ നിലനിൽപിന്നു വേണ്ടി സൃഷ്ടിച്ച ഭീകരൻ ഇപ്പോൾ പാക്കിസ്താനു തന്നെ വിനയായിത്തീർന്നിരിക്കുന്നു. പാക്കിസ്താന്റെ പല ഭാഗങ്ങളും പട്ടാളത്തിന്നുപോലും നിയന്ത്രിക്കാനാകാത്ത സ്ഥിതിയിലായിരിക്കുന്നു. അതും പറഞ്ഞാണ് അമേരിക്കക്കാരും ബ്രിട്ടീഷുകാരുമെല്ലാം അവിടെ കയറിപ്പറ്റുന്നത്.

ഇതിൽ നിന്നൊരു കാര്യം വ്യക്തമാകുന്നു. നേതാക്കന്മാർ നന്നായാൽ ഭരണകൂടം നന്നാവും; ഭരണകൂടം നന്നായാൽ പട്ടാളം നന്നാവും; പട്ടാളം നന്നായാൽ ഭീകരന്മാരുണ്ടാകില്ല; ഭീകരന്മാരില്ലെങ്കിൽ വിദേശീയ ഇടപെടലുമുണ്ടാവില്ല. ലളിതമായ ഈ സത്യം പാക്കിസ്താനിലെ നേതാക്കന്മാർക്ക് മനസ്സിലാകുന്നതുവരെ, അവർക്കും മറ്റുള്ളവർക്കും സമാധാനമുണ്ടാവില്ല. അരുതാത്തത് ചെയ്യുക എളുപ്പമാണ്; പക്ഷെ അതിന്റെ ഭവിഷ്യത്ത് അനേകം ജന്മം കൊണ്ടുപോലും അനുഭവിച്ചുതീർക്കാനാവില്ല. വ്യക്തിക്കും സമൂഹത്തിന്നും രാജ്യങ്ങൾക്കുമെല്ലാം ഇതൊരു പാഠമാകേണ്ടതാണ്. ❑

# സർക്കാർ ഒളിച്ചുകടത്തിയ ദളിത വിരുദ്ധ ബിൽ

- ഡി. രാജ -

കഴിഞ്ഞ ഡിസംബറിൽ സർക്കാർ വെറും രണ്ടു മിനിട്ടുകൊണ്ട് ഒരു ദളിതവിരുദ്ധ ബിൽ രാജ്യസഭയിൽ പാസാക്കിയെടുക്കുകയുണ്ടായി. പാർലിമെന്റിൽ ബഹളം നടക്കുന്നത് ഇപ്പോൾ സർവ്വസാധാരണമാണല്ലോ. ഈ ബഹളത്തിന്നിടയിൽ ബില്ലുകൾ ചർച്ചകൂടാതെ പാസാക്കിയെടുക്കുന്ന ടെക്നിക്കനുസരിച്ചാണ് ഈ ബില്ലും പാസാക്കിയത്. ഭരണഘടന പ്രകാരം പട്ടിക ജാതിക്കാർക്കും പട്ടിക വർഗ്ഗക്കാർക്കും സംവരണമുണ്ട്. ഈ സംവരണം പരമാവധി നിയന്ത്രിക്കുകയോ നിരസിക്കുകയോ ചെയ്യുന്നതിന്നുള്ളതാണ് പുതിയ ബിൽ.

ഈ ബില്ലിന്റെ പ്രത്യേകത ഇതാണ്: 47 ഗവർമ്മേണ്ട് സ്ഥാപനങ്ങളെ സംവരണത്തിൽനിന്ന് ഒഴിവാക്കുന്നു; ഇന്ത്യൻ ഇൻസ്റ്റിട്യൂട്ട് ഓഫ് ടെക്നോളജി, ഇന്ത്യൻ ഇൻസ്റ്റിട്യൂട്ട് ഓഫ് മാനേജ്മെന്റ്; മെഡിക്കൽ ബിരുദാനന്തര പഠന സ്ഥാപനങ്ങൾ; നാഷനൽ ഇൻസ്റ്റിട്യൂട്ട് ഓഫ് ടെക്നോളജി; അഞ്ചു കേന്ദ്ര സർവ്വകലാശാലകൾ എന്നിവയാണവ.

ഇതിന്നുംപുറമെ -

45 ദിവസത്തേക്ക് താഴെയുള്ള നിയമനം;

ഏതെങ്കിലും അടിയന്തര ദുരിതാശ്വാസ പ്രവർത്തനത്തിന്നുള്ള നിയമനം;

ശാസ്ത്രീയ -സാങ്കേതിക വൈദഗ്ദ്ധ്യം വേണ്ടിവരുന്ന സ്ഥാപനം;

ദേശീയ പ്രാധാന്യമുള്ള സ്ഥാപനങ്ങളിലേക്കുള്ള നിയമനം;

അനുബന്ധ പട്ടികയിലെ സ്ഥാപനങ്ങൾ എന്നിവയും സംവരണത്തിൽനിന്ന് ഒഴിവാക്കപ്പെടും.

പട്ടികയിൽ 47 സ്ഥാപനങ്ങളുടെ പേരാണുള്ളതെങ്കിലും, പാർലിമെന്റിന്റെ അനുമതിയില്ലാതെതന്നെ ഗവർമ്മേണ്ടിന്റെ ഇഷ്ടാനിഷ്ടങ്ങളനുസരിച്ച് പട്ടിക വലുതാക്കുകയോ ചെറുതാക്കുകയോ ചെയ്യാം. ചുരുക്കത്തിൽ ശിപായിപ്പണിയൊഴിച്ചൊന്നും പട്ടിക ജാതിക്കാർക്കോ, പട്ടിക വർഗ്ഗക്കാർക്കോ ഇനി പ്രതീക്ഷിക്കാനാവില്ല. "ദേശീയ പ്രാധാന്യമുള്ള സ്ഥാപനങ്ങൾ" എന്ന ഒന്നില്ലെന്നതാണ് മറ്റൊരു പ്രത്യേകത. കോൺഗ്രസ്സിന്റെ സൃഷ്ടിയാണത്. ഇതിനേക്കാളെല്ലാം അപകടകരമായ വ്യവസ്ഥ "ശാസ്ത്രീയമെന്നോ സാങ്കേതികമെന്നോ" വകതിരിക്കപ്പെട്ട തസ്തികകളൊന്നും സംവരണത്തിൽ പെടില്ല എന്നതാണ്. നിശ്ചിത പൊതുമേഖലാ സ്ഥാപനങ്ങളിലേക്കോ നവരത്നങ്ങൾ പോലെയുള്ള 54 "മിനിരത്ന"ങ്ങളിലേക്കോ ഏറ്റവും കുറഞ്ഞ യോഗ്യത ബി.എസ്.സി. എന്ന് നിശ്ചയിച്ചിട്ടുള്ള സ്ഥാനങ്ങളിലേക്കോ മൈക്രോബയോളജി, എം.ബി.ബി.എസ്.; ബി.ടെക് തുടങ്ങിയവയിലേക്കോ ശാസ്ത്രവിഷയങ്ങളിൽ ബിരുദം വേണമെന്നു വ്യവസ്ഥ ചെയ്തിരിക്കുന്ന സ്ഥാപനത്തിലേക്കോ ദളിതർക്ക് പ്രവേശനമേ ലഭിക്കില്ലെന്നാണിതിനർത്ഥം.

പൊതുമേഖലാ സ്ഥാപനങ്ങളിലേക്കും 47 വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കും പട്ടിക ജാതിക്കാർക്കും പട്ടിക വർഗ്ഗക്കാർക്കും ഇത്തരത്തിൽ വഴിമുടക്കിയതോടെ, പട്ടിക ജാതിക്കാരും പട്ടിക വർഗ്ഗക്കാരും ഏതു ജോലിക്കും അയോഗ്യരാണെന്നു വരുത്തുക എളുപ്പമായി. റിക്രൂട്ടിങ് നടത്തുന്ന അധികൃതർക്ക് അനിയന്ത്രിത സ്വാതന്ത്ര്യം നൽകുന്ന ഒന്നാണ് ബില്ലിലെ ഒമ്പതാം വകുപ്പ്. ഇതനുസരിച്ച് മൂന്നുതരം യോഗ്യതകൾക്ക് വ്യവസ്ഥചെയ്യാൻ അധികൃതർക്ക് അധികാരം നൽകുന്നു. ഒന്ന്: അനിവാര്യയോഗ്യത; അതായത് ശാസ്ത്രവിഷയത്തിലോ മറ്റോ ഒരു ബിരുദം. രണ്ട്: അഭിലഷണീയമായ യോഗ്യത; അതായത് പരിചയസമ്പത്ത് തുടങ്ങിയവ. മൂന്ന്: അനുയോജ്യത. വാസ്തവത്തിൽ ഇത് അസാധുവാണ്. അപേക്ഷകന്ന് അടിസ്ഥാനപരമായ യോഗ്യതയുണ്ടെങ്കിൽ പിന്നെ അനുയോജ്യതയുടെ പ്രശ്നമേ ഉത്ഭവിക്കുന്നില്ല. ഇതുകൊണ്ടും തീർന്നില്ല. ഇതിനേക്കാളെല്ലാം ഭീകരമായ ഒരു വ്യവസ്ഥ കൂടി ഇതിലുണ്ട്. അനിവാര്യയോഗ്യത, പരിചയസമ്പത്ത്, അനുയോജ്യത എന്നീ മൂന്നു ഉപാധികളും തികഞ്ഞവനായാൽപോലും ഒരാളെ "അയോഗ്യ"നായി പ്രഖ്യാപിക്കാവുന്ന ഒന്നാണ് പ്രസ്തുത വ്യവസ്ഥ.

പട്ടികജാതിക്കാർക്കും പട്ടികവർഗ്ഗക്കാർക്കുമുള്ള സംവരണത്തിന്റെ ശവപ്പെട്ടിമേൽ കോൺഗ്രസ്സ് അടിച്ചുകയറ്റിയ അവസാനത്തെ ആണിയാണീ ഒമ്പതാം വകുപ്പ്.

പട്ടികജാതിക്കാർക്കും പട്ടികവർഗ്ഗക്കാർക്കും സംവരണം നിഷേധിക്കാൻ ഉദ്യോഗസ്ഥമേധാവിമാർക്ക് സ്വാതന്ത്ര്യം നൽകുന്ന ഒന്നാണ് 18-ാം വകുപ്പ്. സംവരണ വ്യവസ്ഥയനുസരിച്ച് നിയമനം നടത്താതിരുന്നാൽ ശിക്ഷിക്കാൻ വ്യവസ്ഥയൊന്നുമില്ല. സംവരണം നിഷേധിച്ച ഉദ്യോഗസ്ഥർക്കെതിരെ ഡിപ്പാർട്ടുമെന്റലായി നടപടിയെടുക്കാമെന്നുമാത്രമാണ് 18-ാം വകുപ്പിൽ പറയുന്നത്. സംവരണ പ്രകാരമുള്ള നിയമനം നടത്താതിരുന്നത് "മനപൂർവ്വ" മാണെന്ന് തെളിഞ്ഞാൽ മാത്രമേ ഈ നടപടിപോലും സാധ്യമാകൂ. സംവരണ വ്യവസ്ഥ ലംഘിച്ചതിന്ന് ഇന്നുവരെ ഒരു ഉദ്യോഗസ്ഥന്നെതിരായും ഒരു നടപടിയുമെടുത്തിട്ടില്ലെന്നു പറഞ്ഞാൽ എല്ലാമായല്ലൊ.

കോൺഗ്രസ്സിന്റെ നേതൃത്വത്തിലുള്ള ഗവർമ്മേണ്ട് 2004ൽ അധികാരമേറ്റത് ഒരു മിനിമം പരിപാടിയുടെ അടിസ്ഥാനത്തിലാണ്. സംവരണം സംബന്ധിച്ച് അതിൽ രണ്ടു വ്യവസ്ഥകളുണ്ട്. ഒന്ന്: സ്വകാര്യ മേഖലയിലും സംവരണം നടപ്പാക്കും. രണ്ട്: എല്ലാവിധ സംവരണങ്ങളും ഒരു പൊതു വ്യവസ്ഥയിൻകീഴിൽ ഏകീകരിക്കും. എന്നാൽ കഴിഞ്ഞ അഞ്ചു കൊല്ലംകൊണ്ട് കോൺഗ്രസ്സ് സ്വകാര്യ മേഖലയിലെ സംവരണ നിർദ്ദേശത്തെ കൊന്നു കുഴിച്ചുമൂടിയിരിക്കുകയാണ്. ഇപ്പോഴിതാ അമേരിക്കയുമായുള്ള അണുവൈദ്യുതി കരാറിന്റേയും, തുടർന്നുണ്ടായ അവിശ്വാസ പ്രമേയത്തെ അതിജീവിച്ചതിന്റേയും പിൻബലത്തോടെയാണ് ഗവർമ്മേണ്ട് ധിക്കാരപൂർവ്വം ഇത്തരമൊരു സംവരണ വിരുദ്ധബിൽ കൊണ്ടുവന്നിരിക്കുന്നത്. ഗവർമ്മേണ്ട് അങ്ങനെ മിനിമം പരി

പാടിയേയും ധ്വംസിച്ചിരിക്കുന്നു.

2004ലെ തിരഞ്ഞെടുപ്പിന്നുള്ള മിനിമം പരിപാടിയിൽ പറഞ്ഞതനുസരിച്ച് 2004 ഡിസംബറിൽ ഒരു പട്ടികജാതി പട്ടികവർഗ്ഗ സംവരണബിൽ ലോക് സഭയിൽ അവതരിപ്പിച്ചിരുന്നു. പട്ടികജാതിക്കാർക്കും പട്ടിക വർഗ്ഗക്കാർക്കും പുറമെ, മറ്റു പിന്നോക്ക സമുദായങ്ങൾക്കുള്ള സംവരണവും അതിൽ ഉൾപ്പെടുത്തിയിരിക്കുന്നു. പിന്നീടത് പേഴ്സനെൽ വകുപ്പിന്റെ പാർലിമെന്ററി സ്റ്റാൻഡിങ് കമ്മിറ്റിക്ക് റഫർ ചെയ്തു. 2005 ജൂണിൽ കമ്മിറ്റി അതിന്റെ റിപ്പോർട്ട് സമർപ്പിച്ചപ്പോൾ സംവരണ തത്വത്തെ ധ്വംസിക്കുന്ന ഉദ്യോഗസ്ഥന്മാർക്ക് ശിക്ഷ നൽകാനുള്ള ഒരു വ്യവസ്ഥ കൂടി ഉൾപ്പെടുത്തിയിരുന്നു. അതായത്, സംവരണ വ്യവസ്ഥ ധ്വംസിക്കുന്ന ഉദ്യോഗസ്ഥന് മൂന്നുകൊല്ലത്തെ തടവോ 50,000 രൂപ പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ വിധിക്കാനായിരുന്നു വ്യവസ്ഥ. "അയോഗ്യ"രെ സംവരണത്തിൽനിന്ന് ഒഴിവാക്കുന്ന വ്യവസ്ഥ ഉപേക്ഷിക്കുകയും ചെയ്തിരുന്നു. ഇപ്പോൾ ബില്ലിൽ തിരുകികയറ്റിയിട്ടുള്ള സംവരണ വിരുദ്ധ വ്യവസ്ഥകളൊന്നും അതിലുണ്ടായിരുന്നുമില്ല.

എന്നാൽ ഗവർമ്മേണ്ടിപ്പോൾ സ്റ്റാൻഡിങ് കമ്മിറ്റിയുടെ റിപ്പോർട്ട് പാടെ തിരസ്കരിച്ചിരിക്കുകയാണ്. ബിൽ ആകെ അഴിച്ചുകൂട്ടിയിരിക്കുന്നു. മറ്റു പിന്നോക്കജാതിക്കാരുടെ കാര്യം ബില്ലിൽ കാണുന്നുമില്ല. അത് ഉപേക്ഷിച്ചതാണോ? വേറെ വല്ലതും ഉദ്ദേശിച്ചിട്ടുണ്ടോ? അറിയില്ല.

പട്ടികജാതിക്കാരും പട്ടികവർഗ്ഗക്കാരും സ്വകാര്യ മേഖലയിൽ ജോലിക്കവകാശം നേടുന്നതിന്നായി സമരം ചെയ്തുവരികയായിരുന്നു. ഗവർമ്മേണ്ട് സെക്രട്ടറിപോലെയുള്ള ക്ലാസ് 1 ഉദ്യോഗങ്ങളിലും സംവരണം ബാധകമാക്കാൻ അവർ പോരാടിവരികയായിരുന്നു. സർവ്വകലാശാലകൾ പോലെയുള്ള സ്ഥാപനങ്ങളിലെ റീഡർ - പ്രൊഫസർ തസ്തികകൾക്കും സംവരണം ബാധകമാക്കിക്കൊണ്ട് മനുഷ്യവിഭവകാര്യാലയം കല്പന പുറപ്പെടുവിച്ചത് 2005ലാണ്. അതൊക്കെ പുതിയ ബില്ലോടുകൂടി ആവിയായിപ്പോകും. കേന്ദ്ര ഗവർമ്മേണ്ടിപ്പോൾ യൂണിയൻ പബ്ലിക് സർവ്വീസ് കമ്മീഷനെപോലും അവഗണിച്ചുവരികയാണ്. ശാസ്ത്രീയമോ സാങ്കേതികമോ ആയ തസ്തികകളിലെ നിയമനങ്ങൾക്കിപ്പോൾ പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശം തേടാറില്ല.

ദളിതർമാത്രമല്ല, ജനാധിപത്യ പ്രസ്ഥാനങ്ങളും ദളിതർക്കും ആദിവാസികൾക്കും മതിയായ പ്രാതിനിധ്യം ലഭിക്കുന്നതിന്നായി പരിശ്രമിച്ചുവരികയായിരുന്നു. പുതിയ ബിൽ ഒരൊറ്റയടിക്ക് ഇതിനെയെല്ലാം നശിപ്പിച്ചിരിക്കുന്നു. ഡോ. അംബേദ്കറുടെ ചരിത്ര പ്രസിദ്ധമായ ശ്രമങ്ങളേയും നമ്മുടെ ഭരണഘടനാ ശില്പികളുടെ പരിശ്രമങ്ങളേയും ഇവർ കൊന്നു കുഴിച്ചുമൂടുന്നു.

രാജ്യസഭ കൂക്കിവിളികൾക്കിടയിൽ രണ്ടുമിനിട്ടുകൊണ്ടു പാസാക്കിയ ഈ ദളിത ദ്രോഹബിൽ ലോകസഭ ഗൗരവപൂർവ്വം പരിഗണിക്കുമോ?

(രാജ്യസഭാംഗവും സി.പി.ഐ. നാഷനൽ സെക്രട്ടറിയുമാണ് ലേഖകൻ)

❑



# വനിതാ നക്ഷലുകൾ നടത്തിയ പോലീസ് വേട്ട

- ആനന്ദ് ദാസ് -

നാഥനില്ലാത്തൊരു നാട്ടിൽ കുറെ നക്ഷൽ സ്ത്രീകൾചേർന്ന് പത്തു പോലീസുകാരെ കൊന്നതിന്റെ നാണക്കേട് കടിച്ചിറക്കാനാണ് ബീഹാർ മുഖ്യമന്ത്രി നീതീശ് കുമാർ ശ്രമിക്കുന്നത്. ഫെബ്രുവരി 9ന്നാണ് സംഭവമുണ്ടായത്.

മഹൂലിയാതന്ദ് എവിടെയാണെന്നു ചോദിച്ചാൽ എളുപ്പത്തിൽ ഉത്തരം നൽകാനാവില്ല. ബീഹാറിന്റേയും ഝാർഖണ്ഡിന്റേയും അതിർത്തിയായി ഒഴുകുന്ന പുഴക്കടുത്താണ് ഈ സ്ഥലം. ചുറ്റും കാടാണ്. ഝാർഖണ്ഡിലെ ഗരീഡി ജില്ലയിലെ തീസരി പോലീസ് സ്റ്റേഷന്റെ അതിർത്തിയിൽപെട്ടതാണിതെന്ന് ജനങ്ങൾ പറയുന്നു. അവിടെ സാന്ത് രവിദാസിന്റെ പേരിൽ ചെറിയൊരു ക്ഷേത്രമുണ്ട്. എന്നാൽ ക്ഷേത്രത്തോട് ചേർന്ന മൈതാനം ബീഹാറിലെ നവാഡ ജില്ലയിലെ കൗവാക്കോൾ പോലീസ് സ്റ്റേഷന്റെ പരിധിയിൽപെട്ടതാണ്. എന്നാൽ ഇതിനോട് ചേർന്ന ഭാഗം ബീഹാറിലെ ജമൂയി ജില്ലയിൽപെട്ടതുമാണ്.

എന്തെങ്കിലും പ്രശ്നമുണ്ടായാൽ എല്ലാവരും കൈകഴുകുമെന്നതാണ് ഇതിന്റെ അനന്തര ഫലം. അത് തങ്ങളുടെ അധികാര പരിധിയിൽ പെട്ടതല്ലെന്നു പറഞ്ഞു പോലീസ് ഒഴിഞ്ഞു മാറും. അതേസമയം നക്ഷൽ വേട്ടക്കിറങ്ങുമ്പോൾ മൂന്നു കൂട്ടരുടേയും പീഡനങ്ങൾക്ക് ഗ്രാമീണർ വിധേയരാകുകയും ചെയ്യും.

മഹൂലിയാതന്ദിയിലെ കാരുതൂരിയ്ക്ക് വയസ്സ് 60 ആയി. 1977ൽ ഇദ്ദേഹത്തിന്ന് ഇവിടെ കുറച്ചു ഭൂമി നൽകിയിരുന്നുവെങ്കിലും കാരുതൂരി ഇന്നും ഭൂരഹിതനാണ്. കാരണം ആരാണ് ഭൂമിയുടെ രേഖ നൽകേണ്ടതെന്ന തർക്കം ഇപ്പോഴും ബാക്കിയാണ്. ഇദ്ദേഹത്തിന്റെ അയൽപക്കക്കാരുടേയും സ്നേഹിതരുടേയുമെല്ലാം സ്ഥിതി ഇതുതന്നെ. ഈ തർക്കം തീർത്തിരുന്നുവെങ്കിൽ ഇവിടെ ഒരു പക്ഷെ "നക്ഷൽപ്രശ്നം" ഉണ്ടാകുമായിരുന്നില്ല.

ദളിതമൂർത്തിയായ സാന്ത് രവിദാസിന്റെ ക്ഷേത്രത്തിൽ ഫെബ്രുവരി 9ന്ന് ചില ആഘോഷങ്ങളുണ്ടായിരുന്നു. ഈ പ്രദേശം കാട്ടുപ്രദേശമാകയാലും നക്ഷൽശല്യം സാധാരണയാകയാലും പോലീസ് മേധാവിയായ രാമേശ്വർ റാമിനെയാണ് അധ്യക്ഷനായി ക്ഷണിച്ചിരുന്നത്. റാം ഒരു ഡസൻ സായുധ പോലീസിന്റെ അകമ്പടിയോടെ ചടങ്ങിന്ന് എത്തുകയും ചെയ്തിരുന്നു. ഏതാണ്ട് അറുനൂറോളം പേർ ചടങ്ങുകൾക്കായി എത്തിയിരുന്നു.

നിരായുധരായ സ്ത്രീകൾ പെട്ടെന്നാണ് പോലീസുകാരുടെ മേൽ ചാടിവീണത്. പോലീസുകാരെല്ലാം മറിഞ്ഞുവീണതോടെ അവരുടെ കൈകളിലുണ്ടായിരുന്ന തോക്കുകൾ പിടിച്ചുവാങ്ങി എല്ലാവരേയും വെടിവച്ചുകൊന്നു. ഏതാണ്ട് പത്തുമിനിട്ടുകൊണ്ട് "ഓപ്പറേഷ"നെല്ലാം തീർന്നു. അകലെ മാറിനിന്നിരുന്ന ആറു പോലീസുകാർ, തോക്കെന്നല്ല യൂനിഫോംപോലും ഊരിക്കളഞ്ഞ് ജീവനും കൊണ്ട് രക്ഷപ്പെട്ടു.

നാട്ടുകാരിൽ ആർക്കുംതന്നെ ഒരു പരിക്കുപോലും ഏറ്റില്ലെന്നതാണ് അത്ഭുതകരമായ വസ്തുത. പോലീസുകാരായ പത്തുപേരേയും വധിച്ച് അഞ്ചു റൈഫിൾ, രണ്ട് AK47, അഞ്ച് സെൽഫ് ലോഡിങ് റൈഫിൾ, ഒരു കാർബൈൻ, രണ്ടു കൈത്തോക്ക് 1250 റൗണ്ട് വെടിവെക്കാനുള്ള ഉണ്ടകൾ എന്നിവ കരസ്ഥമാക്കി നക്ഷലുകൾ അപ്രത്യക്ഷരായി.

മഹുലർ പഞ്ചായത്ത് പ്രസിഡണ്ട് അജിത് യാദവ്, ജമുവി ലോകസഭാ സീറ്റിൽ ബി.എസ്.പി. ടിക്കറ്റിൽ മത്സരിക്കാൻ തയ്യാറെടുത്തിട്ടുള്ള അർജുൻ രവിദാസ് എന്നിവരെ പ്രതികളാക്കിയാണ് പോലീസ് കേസെടുത്തിരിക്കുന്നത്. ഇവർ രണ്ടുപേരും വലിയ നേതാക്കന്മാരൊന്നുമല്ല. എന്നാൽ അടുത്തുവരുന്ന തിരഞ്ഞെടുപ്പിനെ മുന്നിൽകണ്ടുകൊണ്ട് ക്ഷേത്രത്തിലെ ആഘോഷങ്ങൾക്ക് നാലുകൊല്ലമായി കയ്യയച്ച് സഹായം നൽകി വന്നിരുന്നു. ഇക്കൊല്ലത്തെ ആഘോഷങ്ങളിൽ അധ്യക്ഷത വഹിക്കാനായി പോലീസ് മേധാവിയെ ക്ഷണിച്ചുവരുത്തിയത് ഇവരാണ്.

ഏതായാലും അജിത് യാദവിനേയും അർജുൻ രവിദാസിനേയും ജനങ്ങൾ നക്ഷലുകളെയെന്നപോലെത്തന്നെ വെറുത്തിരുന്നു. പത്തു പോലീസുകാരെ കൊല്ലുകയും ഈ രണ്ടു ഗുണ്ടകളെ പോലീസിന്റെ വലക്കകത്താക്കുകയും ചെയ്തതിൽ ജനങ്ങൾക്ക് സന്തോഷമേയുള്ളു.

ഒരു ഉദാഹരണം പറയാം. രാജേഷ് കുമാർ എന്ന മരാശാരിയാണ് കൊല്ലപ്പെട്ട പത്തുപേർക്കുവേണ്ട ശവപ്പെട്ടി തയ്യാറാക്കികൊടുത്തത്. ഒരു ശവപ്പെട്ടിയുണ്ടാക്കാൻ 1000 ക. വേണം. പതിനായിരം രൂപയെങ്കിലും കയ്യിൽ കിട്ടിയാലേ മുതലാകൂ. പക്ഷെ പോലീസ് ഒന്നും നല്കിയിട്ടില്ല. പോലീസിനോട് തർക്കിക്കാൻ നിൽക്കുന്നത് ആപൽക്കരമാണെന്നറിയാവുന്നതിനാൽ രാജേഷ് കുമാർ എല്ലാം സഹിക്കുന്നു. ഒന്നോ രണ്ടോ ശവപ്പെട്ടിയാണെങ്കിൽ സഹിക്കാം. ഇതെങ്ങനെ സഹിക്കാനാണ്.

ഗവർമ്മേണ്ടും നക്ഷലുകളും തമ്മിൽ അടിയും തിരിച്ചടിയുമാണിപ്പോൾ നടന്നുവരുന്നത്. പോലീസിനെ ജനങ്ങൾ അങ്ങേയറ്റം വെറുക്കുന്നു; ഭയപ്പെടുന്നു. ജനകീയ സമ്പർക്കത്തിനു വേണ്ടി ഗവർമ്മേണ്ട് ചില നടപടികളെടുത്തുവെങ്കിലും ഒരു ഫലവുമുണ്ടായില്ല. ജനകീയ സമ്പർക്കത്തിന്റെ ഭാഗമായി പോലീസ് പാവങ്ങൾക്ക് കമ്പിളി വിതരണം നടത്തി. ചില ഹെൽത്ത് ക്യാമ്പുകൾ സംഘടിപ്പിച്ചു. ഒന്നും ഫലം ചെയ്തില്ല. അതിതിക്തമായ ഓർമ്മകളാണ് ജനങ്ങൾക്കുള്ളത് എന്നതാണിതിന്നു കാരണം. കഴിഞ്ഞ മേയ് 14ന്ന് ആറു നക്ഷലുകൾ ആയുധം വെച്ച് കീഴടങ്ങിയിരുന്നു. പക്ഷെ അവരെയെല്ലാം വെടിവച്ചുകൊന്നു. എന്നിട്ടത് "സംഘട്ടന"മാണെന്ന് പറഞ്ഞുപരത്താൻ നോക്കി. കഴിഞ്ഞ പൂജവെപ്പിന്ന് പോലീസ് ലാൽബി ഗ്രാമത്തിലെ നിരായുധരായ ഗ്രാമീണരെ കടന്നാക്രമിച്ചു. കഴിഞ്ഞ മാർച്ചില് എന്തോ വാക്ക് തർക്കത്തെത്തുടർന്ന് പോലീസ് നടത്തിയ വെടിവയ്പിൽ രണ്ടു യുവാക്കൾക്ക് ഗുരുതരമായി പരിക്കേറ്റു. പോലീസിന്ന് ഇഷ്ടമില്ലാത്തതെന്തെങ്കിലും പത്രത്തിൽ അച്ചടിച്ചുവന്നാൽ അടുത്ത ദിവസംതന്നെ പത്രലേഖകന്റെ വീട്ടിൽ മിന്നൽപരിശോധന നടക്കുമെന്നത് ഉറപ്പാണ്. ജനങ്ങൾ പിന്നെ എങ്ങനെ ഈ പോലീസിനെ വെറുക്കാതിരിക്കും! ❏



കവർസ്റ്റോറി

# നിയമജ്ഞരും നിയമപാലകരും തമ്മിൽതല്ലിയാൽ

**- പുഷ്പ അയ്യങ്കാർ -**

തമിഴ്നാട്ടിലെ പോലീസ്-വക്കീൽ ബന്ധത്തിന്റെ ചരിത്രത്തിലെ കറുത്തൊരു ദിനമായിരിക്കും 2009 ഫെബ്രുവരി 19. അന്നാണ് അന്തംകെട്ട അഭിഭാഷകരും ലാത്തിവീശുന്ന പോലീസുകാരും തമ്മിൽ മദ്രാസ് ഹൈക്കോടതിയിലും ഹൈക്കോടതി പരിസരങ്ങളിലും പൊരിഞ്ഞ യുദ്ധംതന്നെ നടത്തിയത്.

പോലീസ് അതിക്രമങ്ങൾ സാധാരണയാണ്. എന്നാൽ നിയമജ്ഞന്മാർ നിയമം കയ്യിലെടുക്കുന്ന കാഴ്ച തമിഴ്നാട്ടുകാർ ആദ്യമായി കാണുകയാണ്. മദ്രാസ് ഹൈക്കോടതി മന്ദിരത്തിൽ സെഷൻസ് കോടതി ലേബർ കോടതി വരെ നാനാതരം കോടതികൾ പ്രവർത്തിക്കുന്നുണ്ട്. ഇവയിലെല്ലാം കൂടി 12,000 അഭിഭാഷകരുമുണ്ട്.

ഫെബ്രുവരി 19ലെ സംഘട്ടനത്തിന്നൊരു പശ്ചാത്തലമുണ്ട്. ശ്രീലങ്കയിൽ വെടിനിർത്തൽ നടപ്പാക്കണമെന്നാവശ്യപ്പെട്ട് ചെറുപ്പക്കാരായ അഭിഭാഷകർ കോടതി ബഹിഷ്കരിച്ചു തുടങ്ങിയിട്ട് ആഴ്ചകൾ കഴിഞ്ഞിരുന്നു. തമിഴ്നാട്ടിലെ സീനിയർ അഭിഭാഷകരിലൊരാളായ എ.എ. ചെല്ലയ്യ ബഹിഷ്ക്കരണാഹ്വാനത്തെ തിരസ്കരിച്ചുകൊണ്ട് ജനുവരി 29ന്ന് ഒരു കേസ് വാദിച്ചു. ആക്ടിങ് ചീഫ് ജസ്റ്റീസ് ജ: മുഖോപാധ്യായയും ജ: ധനപാലനും അടങ്ങിയ ഒരു ബഞ്ച് മുമ്പാകെയാണ് വാദം നടന്നിരുന്നത്. പെട്ടെന്ന് ബഹിഷ്ക്കരണക്കാർ കോടതിയിൽ തള്ളിക്കയറി ജഡ്ജിമാരുടെ മുന്നിലിട്ട് ചെല്ലയ്യയെ തല്ലി.

ഫെ. 17-ാം തിയ്യതി ജനതാ പ്രസിഡണ്ട് ഡോ. സുബ്രഹ്മണ്യ സ്വാമി ഒരു കേസ് പ്രമാണിച്ച് ഹൈക്കോടതിയിലെത്തി. അദ്ദേഹത്തേയും ജഡ്ജിമാരുടെ മുമ്പിലിട്ട് മർദ്ദിച്ചു. പോലീസുകാരെ തല്ലിയോടിച്ചശേഷം അവർ അകത്തുനിന്ന് വാതിലടച്ച് കുറ്റിയിട്ടു. ശ്രീലങ്കാ പുലികൾക്കുവേണ്ടി അവർ മുദ്രാവാക്യം മുഴക്കാൻ തുടങ്ങി. ജഡ്ജിമാർ നോക്കിനിൽക്കെ പ്രകടനക്കാർ സുബ്രഹ്മണ്യ സ്വാമിയുടെ തലയിൽ ചീഞ്ഞ മുട്ട എറിഞ്ഞുടക്കുകയും സ്വാമിയെ മർദ്ദിക്കുകയും ചെയ്തു.

രണ്ടുദിവസത്തിന്നുശേഷം അക്രമികളിൽ ചിലരെ പോലീസ് അറസ്റ്റ് ചെയ്തതിന്റെ പേരിൽ വക്കീൽമാർ കോടതിക്കകത്തും പുറത്തും ഭൂകമ്പം സൃഷ്ടിച്ചു. പോലീസുകാരാകട്ടെ കണ്ടവരെയെല്ലാം പൂശിവിട്ടു. സർക്കാർ കണക്കു പ്രകാരം 77 വക്കീൽമാർക്ക് പരിക്കേറ്റിട്ടുണ്ട്. ഹൈക്കോടതിയിലെ പോലീസ് സ്റ്റേഷന് വക്കീൽമാർ തീവച്ചു.

ഇതു സംബന്ധിച്ച് ഒരന്വേഷണം നടത്താൻ സുപ്രീം കോടതിയിൽ നിന്ന് റിട്ടയർ ചെയ്ത ജ: ശ്രീകൃഷ്ണയെ കോടതി കമ്മീഷനായി നിയോഗിച്ചു. ശ്രീകൃഷ്ണ കമ്മീഷന്റെ പ്രാഥമിക റിപ്പോർട്ടനുസരിച്ച് തോന്നിവാസങ്ങൾ ആരംഭിച്ചത് വക്കീൽമാരാണ്. അതിന്നു തിരിച്ചടി നൽകിയ പോലീസ് അന്തമില്ലാതെ പെരുമാറിയെന്നും റിപ്പോർട്ടിലുണ്ട്.

ഇപ്പോൾ വക്കീൽമാർ പണിമുടക്കിലാണ്. ചെന്നൈ പോലീസ് കമ്മീഷണറേയും തമിഴ്നാട് ഡി.ജി.പി. യേയും സസ്പെന്റ് ചെയ്യണമെന്നാവശ്യപ്പെട്ടാണ് പണിമുടക്ക്.

തമിഴ്നാട്ടിലെ അഭിഭാഷകർ തെമ്മാടിത്തരത്തിന്ന് പണ്ടേ കുപ്രസിദ്ധരാണ്. ഒരുമാസം മുമ്പ് വക്കീൽമാർ ഗായത്രി (25) എന്നൊരു യുവതിയെ കയ്യേറ്റം ചെയ്യുകയും തലമുടിക്ക് പിടിച്ച് വലിച്ചിഴച്ച് പോലീസ് സ്റ്റേഷനിലെത്തിക്കുകയും ചെയ്തു. ഗായത്രിയും ഭർത്താവും തമ്മിൽ വഴക്കുണ്ട്. ഇതിൽ ഭർത്താവിനുവേണ്ടി ഹാജരായ വക്കീലിനെ ഗായത്രി തല്ലി എന്നു പറഞ്ഞായിരുന്നു ഈ തോന്നിവാസം. അതുപോലെ ചെന്നൈയിലെ ഒരു ഹെഡ് കോൺസ്റ്റബിളിനെ വക്കീൽമാർ കൂട്ടംകൂടി തല്ലിച്ചതച്ചതും ഈയിടെയാണ്. മേട്ടൂരിലെ അഭിഭാഷകരുമായി വഴക്കുകൂടിയ ഒരു പോലീസുകാരനെ ഹൈക്കോടതിയിലുള്ള പ്രോസിക്യൂട്ടറുടെ ഓഫീസിൽവച്ച് ആക്രമിച്ചതും ഈയിടെയാണ്.

ചെന്നൈയിലെ വക്കീൽമാരിൽ ചിലർ തനി തോന്നിവാസികളാണെന്ന് ചെന്നൈയിലെ ഒരഭിഭാഷക പ്രമുഖ പറഞ്ഞു. തങ്ങൾ നിയമത്തിനെല്ലാം അതീതരാണെന്ന് കരുതുന്ന ചില അഭിഭാഷകകർ ഇവിടെയുണ്ട്. അഭിഭാഷകർക്കിടയിൽ അല്പം ഉത്തരവാദിത്വബോധം ഉണ്ടാക്കിയേ തീരൂ. വക്കീൽമാർക്കിടയിൽ അച്ചടക്കബോധമുണ്ടാക്കേണ്ട ഭാരം ബാർ കൗൺസിലിനാണ്. പക്ഷെ ഇവിടെ അതിനൊന്നും ഒരു ഫലവും കാണാനില്ല എന്ന് അവർ പറഞ്ഞു.

പോലീസും വക്കീൽമാരും തമ്മിൽ പണ്ടുതന്നെ ഇവിടെ വഴക്കാണ്. അതിനാൽ ഉരസൽ ഉണ്ടാകുന്നത് സ്വാഭാവികമാണ്. ഓരോ പ്രശ്നവും ഒറ്റക്കെടുത്താൽ പോരാ; എല്ലാം സമഗ്രമായി കാണണം എന്നാണ് ജയിൽ ഡി.ജി.പി. നടരാജ് പറയുന്നത്. പണ്ട് അഭിഭാഷക കുടുംബങ്ങളിൽ നിന്നാണ് വക്കീൽമാർ ഉണ്ടാകാറുള്ളത്. ആ കാലമൊക്കെ പോയി. ഇപ്പോഴത്തെ വക്കീൽമാരിൽ നല്ലൊരു ഭാഗം കോടതി കാണുന്നത് ഇതാദ്യമാണ്. കോടതിയുടെ സ്വാതന്ത്ര്യവും അധികാരവും തങ്ങളുടേതാണെന്ന് ഇവർ ധരിക്കുന്നു. പോലീസിനെ നേരിടാനും തങ്ങൾക്ക് അധികാരമുണ്ടെന്ന് അവർ കരുതുന്നു. ഫെ:19ന്ന് നാം കണ്ടത് ആ ധിക്കാരത്തിന്റെ സമൂർത്ത രൂപമാണ് എന്ന് അദ്ദേഹം പറഞ്ഞു.

അഭിഭാഷകനും ഗവേഷകനും രാഷ്ട്രീയ നിരൂപകനുമായ വി. കൃഷ്ണ അനന്തന്ന് ചിലതുകൂടി പറയാനുണ്ട്. മറ്റേതു വിഭാഗത്തേക്കാളും അവകാശബോധമുള്ളവരാണ് വക്കീൽമാർ. അതിന്നും പുറമെ സുസ്ഥാപിത അഭിഭാഷക കുടുംബങ്ങളിൽനിന്നുള്ളവരെന്നും ഗവർമ്മേണ്ട് ലോ കോളേജിൽ നിന്ന് പുറത്തുവരുന്നവരെന്നും അഭിഭാഷകർ ഇന്നു രണ്ടുതരമുണ്ട്. ഈ പുതിയ അഭിഭാഷകർ സാമൂഹ്യമായി അധ:സ്ഥിതരാണ് എന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.

മദ്രാസ് ഹൈക്കോടതിയിൽതന്നെ നാലര ലക്ഷം കേസുകൾ കെട്ടികിടപ്പുണ്ട്. നമ്മുടെ നീതിന്യായ സംവിധാനം വളരെ മന്ദഗതിയിലാണ് നീങ്ങുന്നത്. അതിന്റെ മീതെയാണ് അഭിഭാഷകരുടെ ഈ പണിമുടക്ക്. കാവേരി നദീജലത്തെച്ചൊല്ലി, സംവരണത്തെച്ചൊല്ലി, ലങ്കാപ്രശ്നത്തെച്ചൊല്ലിയെല്ലാം തമിഴ്നാട്ടിൽ അഭിഭാഷകർ പണിമുടക്കാറുണ്ട്. മദ്രാസ് ഹൈക്കോടതിക്ക് ഒരു മധുര ബഞ്ച് ഏർപ്പെടുത്തിയതിനെച്ചൊല്ലി 2004 ജൂലായിയിൽ പണിമുടക്കുണ്ടായി.

വക്കീൽമാർക്ക് ഒരു ആചാര സംഹിത നിർദ്ദേശിച്ച ഹൈക്കോടതിയുടെ നടപടിക്കെതിരായി 2004 ആഗസ്തിലും പണിമുടക്കുനടന്നു.

തമിഴ്നാട്ടിലെ വക്കീൽമാർക്ക് നീതിയും നിയമവുമൊന്നും ബാധകമല്ല. ലോകത്തിൽ മറ്റൊരിടത്തും ഇങ്ങനെ കാണില്ല. ഗവർമ്മേണ്ട് ഒന്നും ചെയ്യില്ലെന്ന് അവർക്കറിയാം എന്നാണ് തുഗ്ലക് പത്രാധിപരായ ചോരാമസ്വാമി പറഞ്ഞത്. ❑



# സ്ത്രീകളുടെ ഉദ്ധാരണത്തിന്ന് ഒരു സാംസ്കാരിക സമരം

- മാർക്കണ്ഡേയ കാട്ജു -

**ഇ**ന്ത്യൻ ഭരണഘടനയിലെ 14,15,16 അനുഛേദങ്ങൾ സ്ത്രീ-പുരുഷ സമത്വത്തിന്ന് ഉറപ്പുനൽകുന്നു. എന്നാൽ പ്രയോഗത്തിൽ ഇന്ത്യയുടെ വലിയൊരു ഭാഗത്ത്, പ്രത്യേകിച്ചും ഗ്രാമപ്രദേശങ്ങളിൽ, ഈ സമത്വം നിഷേധിക്കപ്പെടുന്നു. നാടുവാഴിത്തത്തിന്റേയും മധ്യകാലഘട്ടത്തിന്റേയും അവശിഷ്ടങ്ങൾ മനം മടുപ്പിക്കുമാറ് ബാക്കിനിൽക്കുന്നതാണിതിന്നു കാരണം.

നാടുവാഴിത്ത കാലഘട്ടത്തിലെ കാർഷിക സമൂഹങ്ങൾ, പ്രധാനമായും കായികാധ്വാനത്തിൽ അധിഷ്ഠിതമായിരുന്നു. കായികമായി സ്ത്രീകളേക്കാൾ കരുത്തുള്ള പുരുഷന്മാർ അതിനാൽ നാടുവാഴിത്ത സമൂഹങ്ങളിൽ ആധിപത്യം പുലർത്തിപ്പോന്നു. സ്ത്രീകളെ പ്രധാനമായും വീട്ടുജോലികൾക്കായി പിൻതള്ളുകയായിരുന്നു പതിവ്. കൃഷി ചെറുകിടയോ ഇടത്തരമോ ആണെങ്കിൽ, സ്ത്രീകൾക്ക് വീട്ടിൽനിന്നു പുറത്തിറങ്ങാനാവില്ല. അതവരുടെ വീക്ഷാഗതിയെപ്പോലും പരിമിതപ്പെടുത്തി. സ്ത്രീകൾ ഫലത്തിൽ ഭർത്താക്കന്മാരുടെ അടിമകളായിത്തീർന്നു. അവരെ ക്രൂരമായി ദണ്ഡിക്കാനും ഭർത്താക്കന്മാർ മടിക്കാറില്ല. വിവാഹം കഴിയുന്നതോടെ സ്ത്രീകളുടെ സ്വത്ത് മിക്കവാറും ഭർത്താക്കന്മാരുടേതായിത്തീരുന്നു.

നാടുവാഴിത്ത സമൂഹങ്ങളിൽ സ്ത്രീകളുട ജീവിതം അറ്റമില്ലാത്ത, നിരന്തരമായ, അധ്വാനത്തിന്റേതായി മാറുന്നു. അവരുടെ അധ്വാനത്ത അവഹേളനാമനോഭാവത്തോടെയാണ് സമൂഹം വീക്ഷിക്കാറുള്ളത്. ഒരുതരം അടിമത്തമെന്നുതന്നെ പറയാം. സ്ത്രീകൾ ഭക്ഷണം പാകം ചെയ്യണം; വസ്ത്രങ്ങൾ അലക്കണം; വീട് അടിച്ചുവാരിത്തുടച്ച് വൃത്തിയാക്കണം; മറ്റു തരംവീട്ടുജോലികളും നോക്കണം. ഇതിനെല്ലാം പുറമെ കുട്ടികളെ പ്രസവിച്ച് വളർത്തിയെടുക്കുകയും വേണം. സ്ത്രീകൾക്ക് വിദ്യാഭ്യാസ സൗകര്യം ലഭിക്കാറില്ല; സാംസ്കാരിക വികസനത്തിന്ന് അവസരം ലഭിക്കാറില്ല. നിസ്സാരമായ വീട്ടുജോലികൾ സ്ത്രീകളെ നശിപ്പിക്കുന്നു; അവരെ മുരടിപ്പിക്കുന്നു. അടുക്കളപ്പണിയിലും കുട്ടികളെ വളർത്തുന്നതിലുമായി അവർ ജീവിതത്തെ ഹോമിക്കുന്നു. സ്ത്രീകൾ അവരുടെ അധ്വാനശേഷിയെല്ലാം ഉൽപ്പാദനക്ഷമമല്ലാതെ നശിപ്പിക്കുന്നു. നിസ്സാരമെങ്കിലും ഞരമ്പുതകർക്കുന്ന ജോലികളാണവർ നിർവ്വഹിക്കുന്നത്. നാടുവാഴിത്ത സമൂഹങ്ങളിൽ സ്ത്രീകൾക്കനുഭവിക്കേണ്ടിവരുന്ന ദുരിതങ്ങൾ ബംഗാളി സാഹിത്യകാരനായ ശരച്ചന്ദ്ര ചതോപാധ്യായയുടെ കഥകളിലും നോവലുകളിലും നിങ്ങൾക്ക് വായിക്കാം.

വ്യാവസായിക സമൂഹങ്ങളിൽ കായികാധ്വാനത്തേക്കാൾ പ്രധാനം ബുദ്ധിശക്തിക്കാണ്. സാധാരണ കായികാധ്വാനങ്ങളിലധികവും യന്ത്രങ്ങളാണ് നിർവ്വഹിക്കുക. ആധുനിക ലോകത്തിലെ യുദ്ധങ്ങളാകട്ടെ, കായികശേഷി ആവശ്യമുള്ള വാളും കുന്തവും ഉപയോഗിച്ചല്ല നടത്തുന്നത്. അത്യാധുനിക പോർവിമാനങ്ങളും യന്ത്രവൽകൃതമായ ആയുധങ്ങളും കമ്പ്യൂട്ടറുകളും ഉപയോഗിച്ചാണ് ഇന്ന് യുദ്ധം ചെയ്യുന്നത്. ഇതൊക്കെ സ്ത്രീകൾക്കും

കൈകാര്യം ചെയ്യാവുന്നതേയുള്ളു. അതിനാൽ വ്യവസായ സമൂഹങ്ങളിൽ കായികാധ്വാനത്തേക്കാൾ പ്രാധാന്യം മനക്കരുത്തിന്നാണ്.

വ്യാവസായിക സമൂഹത്തിലായാലും കുട്ടികളെ പെറ്റ് പോറ്റി വളർത്തേണ്ടത് സ്ത്രീകളാണെന്നത് ശരിതന്നെ. പക്ഷെ വ്യവസായ സമൂഹത്തിലെ ജോലിയിലധികവും മാനസികമാകയാൽ, സ്ത്രീകൾക്ക് അറ്റം വരെ പണിയെടുക്കാൻ കഴിയും. ശമ്പളത്തോടു കൂടിയ രണ്ടോ മൂന്നോ മാസത്തെ അവധിപോലെ പല പ്രസവാനുകൂല്യങ്ങളും അവർക്ക് ലഭിക്കും. സ്ത്രീകൾക്ക് പണിക്ക് പോകുമ്പോൾ കുട്ടികളെ ക്രെഷെ, നഴ്സറി, കിൻഡൻ ഗാർട്ടൻ എന്നിവയിലാക്കി പോകാവുന്നതേയുള്ളൂ. വീട്ടുജോലികളിൽ മിക്കതും ഇന്ന് യന്ത്രങ്ങളാണ് നിർവ്വഹിക്കുന്നത്. ഉദാഹരണത്തിന്ന് വാഷിങ് മെഷീൻ, വാക്വം ക്ലീനർ, മൈക്രോ വേവ് അടുപ്പ് തുടങ്ങിയവ. ഇത്തരം ജോലികളിൽ മിക്കവാറും പുരുഷന്മാരും പങ്കാളികളാകും. സ്ത്രീകളുടേയും പുരുഷന്മാരുടേയും ബുദ്ധിശക്തി തുല്യമാണെന്ന് ഐ.ക്യു. ടെസ്റ്റുകൾ തെളിയിച്ചിട്ടുണ്ട്. വാസ്തവത്തിൽ അവസരം ലഭിക്കുന്ന പക്ഷം ഏതാണ്ടെല്ലാ പ്രവൃത്തികളിലും പുരുഷന്മാർക്കൊപ്പം നിൽക്കാൻ സ്ത്രീകൾക്ക് കഴിയും. ഇംഗ്ലണ്ടിലെ എലിസബത്തും റഷ്യയിലെ കാതറീനും കിടയറ്റ നേതാക്കളായിരുന്നു. രണ്ടു നോബൽ സമ്മാനം നേടിയ ലോകത്തിലെ ആദ്യത്തെ ആൾ മാഡം ക്യൂറിയായിരുന്നു–ഫിസിക്സിനും കെമിസ്ട്രിക്കും. സ്ത്രീകൾക്ക് നൈസർഗ്ഗികമായി എന്തെങ്കിലും പോരായ്മയില്ലെന്ന് ഇതൊക്കെ തെളിയിക്കുന്നു. അവർ പിന്നണിയിൽ പോകുന്നത് വിദ്യാഭ്യാസം നൽകാത്തതുകൊണ്ടും അതുപോലുള്ള അവസര നിഷേധങ്ങൾ കൊണ്ടുമാണ്.

നാടുവാഴിത്ത സമൂഹങ്ങളിലും കാർഷിക സമൂഹങ്ങളിലും ലിംഗാടിസ്ഥാനത്തിലുള്ള തൊഴിൽ വിഭജനമുണ്ട്. പുരുഷന്മാർ കായികാധ്വാനം ആവശ്യമുള്ള പുറം ജോലികൾ ചെയ്യണമെന്നും സ്ത്രീകൾ വീട്ടുജോലികൾ നോക്കണമെന്നും നിശ്ചയിച്ചിരുന്നു. എന്നാൽ വ്യവസായ സമൂഹങ്ങളിൽ ഈ തൊഴിൽ വിഭജനം ഏറെക്കുറെ പൂർണ്ണമായും അപ്രത്യക്ഷമായിക്കഴിഞ്ഞു. സ്ത്രീകൾ മിക്കപ്പോഴും പുരുഷന്മാർ ചെയ്യുന്ന ജോലിതന്നെ ചെയ്യുന്നു. അവരങ്ങനെ സാമ്പത്തികമായി സ്വാശ്രയത്വം നേടിയിട്ടുണ്ട്. വ്യവസായ സമൂഹത്തിൽ ബുദ്ധിശക്തിക്കാണ് പ്രാധാന്യമെന്നതിനാലും ഒരു ശരാശരി പുരുഷന്റെ ബുദ്ധിശക്തിതന്നെ ഒരു ശരാശരി സ്ത്രീക്കും ഉണ്ടെന്നതിനാലും സ്ത്രീകൾക്ക് പുരുഷന്മാരോടൊപ്പം തുല്യത അനുവദിച്ചേ തീരൂ.

പക്ഷെ പ്രയോഗത്തിൽ ഇതൊന്നും കാണുന്നില്ല. സ്ത്രീ–പുരുഷ സമത്വം സംബന്ധിച്ച നിയമ വ്യവസ്ഥകളിൽ പലതും കടലാസിലേയുള്ളൂ. നിയമത്തിന്റെ മുന്നിൽ സമത്വം എന്നു പറഞ്ഞാൽ യാഥാർത്ഥ്യത്തിൽ അത് സമത്വമാകണമെന്നില്ല. ടോൾസ്റ്റോയിയുടെ അന്നാ കരിനീനയിലും ഉസ്താവ് ഫ്ളോബർട്ടിന്റെ മാഡം ബവറിയിലും ഇഷ്ടമില്ലാത്ത വിവാഹം തിരസ്കരിച്ചവർക്കെങ്ങനെ ആത്മഹത്യ ചെയ്യേണ്ടി വന്നുവെന്നു പറയുന്നുണ്ടല്ലോ.

ഇന്ത്യൻ സമൂഹം ഇന്നും ഏറെക്കുറെ പുരുഷാധിപത്യം നിലനിൽക്കുന്ന ഒന്നാണ്. സ്ത്രീകളെ നാം അവജ്ഞയോടെ വീക്ഷിക്കുന്നു. ഒരു നവജാതശിശു പെണ്ണാണെങ്കിൽ, അതിനെ ഒരത്യാപത്തായിട്ടാണ് സമൂഹം കാണുന്നത്. ഇന്ത്യയിൽ പലേടത്തും ഇന്നും പെൺ ഭ്രൂണഹത്യ നടക്കുന്നുണ്ട്. ഗർഭസ്ഥ ശിശുവിന്റെ ലിംഗ പരിശോധന നടത്തുന്നതിനെ 1994 ൽ തന്നെ നിരോധിച്ചിട്ടുണ്ടെങ്കിലും അതൊക്കെ ഇന്നും നടന്നുവരുന്നു. ഒരു ആൺകുട്ടി ജനിച്ചാൽ എല്ലാവർക്കും സന്തോഷമായി; ജനിച്ചത് പെണ്ണാണെങ്കിലോ എന്തോ അത്യാഹിതം സംഭവിച്ചതുപോലെയാണ് നമ്മുടെ പെരുമാറ്റം. (ശരത്ചന്ദ്രയുടെ പരണീത എന്ന നോവൽ വായിക്കുന്നത് നല്ലതാണ്.)

അതുമല്ല, സ്ത്രീധനമെന്ന മനം മടുപ്പിക്കുന്ന സമ്പ്രദായം ഇന്നും നിലനിൽക്കുകയും ചെയ്യുന്നു. വരനായി ഒരു ഐ.എ.എസ്സ് കാരനെ കിട്ടണമെങ്കിൽ ഒരു കോടി രൂപ സ്ത്രീധനം നൽകണമെന്നു പറയുന്നു. വരൻ ഒരു എഞ്ചിനീയറോ ഡോക്ടറോ ആണെങ്കിൽ 25 ലക്ഷം മുതൽ 50 ലക്ഷം വരെയാണ് സ്ത്രീധനം ആവശ്യപ്പെടുന്നത്. സ്ത്രീകളെ കന്നുകാലികളപ്പോലെ കൈകാര്യം ചെയ്യുന്ന ഈ ഏർപ്പാട് മനം മടുപ്പിക്കുന്ന ഒന്നല്ലേ? അതുമല്ല, വാങ്ങുന്നവനല്ല വിൽക്കുന്നവനാണ് വില നൽകേണ്ടി വരുന്നത്.

സ്ത്രീകൾക്കെതിരായ പാതകങ്ങൾ സംബന്ധിച്ചവയാണ് ഇന്ത്യയിലെ കോടതികളിൽ വരുന്ന കേസുകളിൽ നല്ലൊരുഭാഗം. അധികവും സ്ത്രീധന മരണമാണ്. ചെറുപ്പക്കാരിയായ ഭാര്യയുടെ മേൽ മണ്ണെണ്ണ ഒഴിച്ച് തീകൊടുക്കലാണധികവും; അല്ലെങ്കിൽ തല്ലിക്കൊന്ന് കെട്ടിതൂക്കി ആത്മഹത്യയാണെന്നു പറയും. ഭാര്യയെ തല്ലുന്നതുപോലുള്ള അക്രമങ്ങളാകട്ടെ വ്യാപകമാണ്. വാസ്തവത്തിൽ ഇത്തരം അതിക്രമങ്ങൾ പെരുകി വരികയാണ്.

1947ന്നു ശേഷം പെൺകുട്ടികളുടെ വിദ്യാഭ്യാസ കാര്യത്തിൽ നാം അല്പം പുരോഗതി നേടിയിട്ടുണ്ടെന്നത് സത്യമാണ്. ഇപ്പോൾ സ്ത്രീകളിൽ നല്ലൊരു ഭാഗം വിദ്യാസമ്പന്നരായിട്ടുമുണ്ട്. പണ്ട് ഇതായിരുന്നില്ല സ്ഥിതി. സ്ത്രീകൾ ഇപ്പോൾ പല തൊഴിൽ രംഗങ്ങളിലും പ്രവേശിച്ചിട്ടുണ്ട്. നിയമ രംഗത്തും ചികിത്സാരംഗത്തും അധ്യാപന രംഗത്തും പത്രപ്രവർത്തന രംഗത്തുമെല്ലാം ഇന്ന് ധാരാളം സ്ത്രീകളെ കാണാം.1947ന്നു ശേഷമുണ്ടായ ഭാഗിക വ്യവസായ വൽക്കരണത്തിന്റെ ഫലമാണിത്. എന്നാൽ മറ്റുപല രംഗങ്ങളിലും സ്ത്രീകളുടെ സ്ഥിതി കൂടുതൽ വഷളാകുകയാണ്. ചെയ്തിരിക്കുന്നത്. സമൂഹത്തിൽ വ്യാപകമായിരിക്കുന്ന കച്ചവട മനോഭാവമാകാം ഇതിന്നു കാരണം. ഇന്നു മനുഷ്യ ബന്ധങ്ങൾ പോലും രൂപ-പൈസ കണക്കിലാണല്ലോ കണക്കാക്കുന്നത്.

ഇന്ത്യയിൽ നാമിന്ന് ഒരു പരിവർത്തന ദശയിലാണ്. നാടുവാഴിത്ത-കാർഷിക സമൂഹത്തിൽനിന്ന് ഒരാധുനിക വ്യവസായ യുഗത്തിലേക്കുള്ള പരിവർത്തനമാണിപ്പോൾ സംഭവിച്ചുകൊണ്ടിരിക്കുന്നത്. നമ്മളിന്ന് തീർത്തും പിന്നണിയിലല്ല; അതേസമയം നാം ഒരു പുരോഗമനാത്മക സമൂഹത്തിലുമല്ല, രണ്ടിന്നുമിടയിൽ എവിടേയോ ആണ് നാമിന്ന് കഴിയുന്നത്. തന്മൂലം നാടുവാഴിത്ത സംസ്കാരത്തിന്റെ അവശിഷ്ടങ്ങളായ ജാതീയത വർഗ്ഗീയത എന്നിവ വളർന്നു നിലനിൽക്കുന്നു. നമ്മുടെ സമൂഹം ഇപ്പോഴും പുരുഷമേധാവിത്വത്തിൻ കീഴിലായിരിക്കുന്നത് അതുകൊണ്ടാണ്. മിക്ക സ്ത്രീകൾക്കും ഇത്തരം യഥാർത്ഥ സ്വാതന്ത്ര്യമില്ല. ഇതര ജാതിയിലോ മതത്തിലോ പെട്ട ഒരാളെ വിവാഹം ചെയ്യാൻ മുതിർന്നാൽ എന്തെല്ലാം മാരണങ്ങളാണിവിടെ സംഭവിക്കുക.

എന്താണിതിനൊക്കെ പരിഹാരം? നാം ഈ പരിവർത്തന ദശയെ മറികടന്ന് ഒരാധുനിക വ്യാവസായികരാജ്യമാകണം. നാം ശാസ്ത്രീയ ചിന്താഗതി വ്യാപകമായി പ്രചരിപ്പിക്കണം. അന്ധവിശ്വാസങ്ങളിൽനിന്ന് രക്ഷപ്പെടാനും ജാതീയത വർഗ്ഗീയത തുടങ്ങിയ ഫ്യൂഡൽ ചിന്താഗതികൾ ഉപേക്ഷിക്കാനും നാം ജനങ്ങളെ പ്രോൽസാഹിപ്പിക്കണം. സ്ത്രീകളോടുള്ള നമ്മുടെ

മനോഭാവത്തിൽ ഒരു സമ്പൂർണ്ണ വിപ്ലവമുണ്ടായാലേ ഇതെല്ലാം സാധിക്കൂ. ലക്ഷോപലക്ഷം ജനങ്ങളെ അണിനിരത്തിക്കൊണ്ടുള്ള വമ്പിച്ചൊരു സാംസ്കാരിക വിപ്ലവമാണ് ഇന്നാവശ്യം. ഈ വിപ്ലവത്തിൽ നാടുവാഴിത്തത്തിന്റെ അവശിഷ്ടങ്ങൾ ഉന്മൂലനം ചെയ്യപ്പെടണം.

പക്ഷെ എന്നാണിതൊക്കെ സംഭവിക്കുക? എങ്ങനെയാണിത് സംഭവിക്കുക? അത് പ്രവചിക്കാനാവില്ല. എന്നാൽ അതു സംഭവിക്കും. ദേശാഭിമാനികളായ എല്ലാവരും ഇതിന്നു സംഭാവന നൽകേണ്ടിവരും.

(സുപ്രീം കോടതിയിലെ ജഡ്ജിയാണ് ലേഖകൻ)

# ജനാധിപത്യത്തിന്നുവേണ്ടി പോരാടി മരിച്ച ഉമ

- കല്പന ശർമ്മ -

നീപ്പാളിൽ കുറെ കാലമായി കലാപവും ആഭ്യന്തര യുദ്ധവുമെല്ലാമുണ്ടായിരുന്നുവെങ്കിലും പത്രങ്ങൾ ഒരുവിധം നിർഭയം പ്രവർത്തിച്ചുപോന്നിരുന്നു. പത്ര സ്വാതന്ത്ര്യത്തിന്ന് പലപ്പോഴും നിയന്ത്രണം വരാറുണ്ട്. എന്നാൽ നീപ്പാളിൽ പത്രങ്ങൾ ജനാധിപത്യം കൈവരുത്തിയ സ്വാതന്ത്ര്യം ആസ്വദിച്ചു വരികയാണിപ്പോൾ.

പക്ഷെ ജനാധിപത്യമുണ്ടെങ്കിലും ഡസൻ കണക്കിന്ന് സായുധ സംഘങ്ങൾ നീപ്പാളിൽ ഇപ്പോഴും പ്രവർത്തിച്ചുവരുന്നുണ്ട്. ഇവയുടെ ഭീഷണികളും അക്രമങ്ങളും പത്രക്കാർക്ക് സഹിക്കേണ്ടിവരുന്നു. ഈ സായുധ ഗ്രൂപ്പുകളുടെ ഇഷ്ടാനിഷ്ടങ്ങളനുസരിച്ചു പ്രവർത്തിക്കാത്തവർക്ക് അതിന്നു കനത്ത വില നൽകേണ്ടിവരുന്നു. ഈയിടെ 26 വയസ്സുമാത്രം പ്രായമുള്ള ഉമാസിങ് എന്ന പത്രപ്രവർത്തകക്കുണ്ടായ അനുഭവം അതാണ്. ഈ ജനുവരി 11ന്ന് ജനകപുരത്തിലെ വീട്ടിൽവച്ച് ഒരു ഡസനിലേറെ ആളുകൾ ചേർന്ന് ഉമയെ കൊത്തിനുറുക്കുകയാണുണ്ടായത്.



ഉമാസിങ്

തൊട്ടടുത്ത രാജ്യത്തുണ്ടായ അതിക്രമമാണെങ്കിലും, ഇന്ത്യയിൽ ഇക്കാര്യം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടേയില്ല. വാസ്തവം പറഞ്ഞാൽ നീപ്പാൾ കാര്യങ്ങൾ ഇന്ത്യൻ പത്രങ്ങൾ റിപ്പോർട്ട് ചെയ്യുന്നതുതന്നെ അപൂർവ്വമാണ്.

നീപ്പാളിൽ വളർന്നു വരുന്ന സ്വതന്ത്ര പത്രപ്രവർത്തകരിലൊരാളാണ് ഉമ. നീപ്പാളിലെ സ്ഥിതിഗതികൾ ഇന്ത്യയിലേതിൽനിന്നും വളരെ വ്യത്യസ്തമാണ്. ഇന്ത്യയിലെപ്പോലെ സംഗീതം മാത്രം പ്രക്ഷേ ➡ പണം ചെയ്യാനുള്ളതല്ല നീപ്പാളിലെ എഫ്.എം. റേഡിയോ; രാഷ്ട്രീയ കാര്യങ്ങളും ആനുകാലിക വിശകലനങ്ങളുമെല്ലാം നീപ്പാൾ എഫ്.എം. റേഡിയോ പ്രക്ഷേപണം ചെയ്യും. “ജനകപുരം ഇന്ന്” എന്ന എഫ്.എം. റേഡിയോക്കുവേണ്ടി റിപ്പോർട്ടുകൾ തയ്യാറാക്കുന്ന ആളായിരുന്നു ഉമ. ഇതിന്നു പുറമെ പത്രങ്ങളിലും ഇവർ ധാരാളം ഏഴുതാറുണ്ട്. സാമൂഹികവും രാഷ്ട്രീയവുമായ കാര്യങ്ങൾ നിർഭയം റിപ്പോർട്ട് ചെയ്തിരുന്ന ആളാണ് ഉമ.

തെക്കൻ നീപ്പാളിൽ ഇന്ത്യൻ അതിർത്തിയോട് ചേർന്നുകിടക്കുന്ന തരായ് മേഖലയിലാണ് ഉമ ജനിച്ചതും വളർന്നതും. സ്ത്രീധന പ്രശ്നങ്ങൾ, ജാതീയമായ വിവേചനം സംബന്ധിച്ച കാര്യങ്ങൾ എന്നിവയെല്ലാം അവർ റിപ്പോർട്ടു ചെയ്യാറുണ്ടെന്ന് സഹപ്രവർത്തകർ പറയുന്നു. ഭീഷണി സഹിക്കാനാകാതെ ഒരിക്കൽ താമസം മാറ്റുകപോലുമുണ്ടായി.

അതിസമ്പന്നമായ ഒരു ജന്മി കുടുംബത്തിലെ അംഗമാണ് ഉമ. മൂന്നു കൊല്ലം മുമ്പ് ഉമയുടെ അച്ഛനേയും സഹോദരനേയും മാവോയിസ്റ്റുകൾ തട്ടിക്കൊണ്ടുപോയിരുന്നു. അവരെക്കുറിച്ച് പിന്നീട് യാതൊന്നും കേൾക്കുകപോലുമുണ്ടായില്ല. രണ്ടുപേരും കൊല്ലപ്പെട്ടുവെന്ന അനുമാനത്തിലാണ് കുടുംബാംഗങ്ങൾ കഴിയുന്നത്. അച്ഛനേയും സഹോദരനേയും റാഞ്ചികൊണ്ടു പോയവരെ കണ്ടുപിടിക്കാനുള്ള ശ്രമത്തിലായിരുന്നു ഉമ.

ഉമയുടെ വധത്തിന്നു ശേഷം അതിനെ ഒരു കുടുംബ കലഹമാക്കി ചെറുതാക്കി കാണിക്കാൻ നിക്ഷിപ്ത താൽപര്യക്കാർ ശ്രമിക്കുന്നുണ്ട്. പക്ഷെ ഉമയുടെ കേസ് കുടുംബ കലഹ സംബന്ധമായതല്ല. രാഷ്ട്രീയ പാതകങ്ങളെപ്പറ്റി തുറന്നു സംസാരിക്കാൻ മടിക്കാതിരുന്നതിന്റെ അനന്തര ഫലമായിരുന്നു ആ വധം. നീപ്പാളിലെ ഇപ്പോഴത്തെ ഭരണാധികാരികളുടെ തോന്നിവാസങ്ങളെക്കുറിച്ച് അവർ കലവറയില്ലാതെ എഴുതിക്കൊണ്ടിരുന്നു. അക്രമികളുടെ ആക്രമണത്തിന്നിടയിൽ ഉമ സഹായത്തിന്നായി ഉറക്കെ കരയുകയുണ്ടായി. ഇപ്പോൾ അക്രമികളിലൊരാൾ “ഇങ്ങനെയൊക്കെ നീയിനി എഴുതുമോ” എന്നു ചോദിക്കുന്നത് അയൽപക്കക്കാരിലൊരാൾ കേട്ടിരുന്നു.

സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ വിവേചനങ്ങൾ എന്നിവയെക്കുറിച്ചെല്ലാം ഉമ തുറന്നെഴുതാറുണ്ട്. കുറച്ചുമുമ്പ് ഉമയുമായുള്ള ഒരു അഭിമുഖ സംഭാഷണം പ്രസിദ്ധീകരിച്ചിരുന്നു. നീപ്പാളിൽ പത്രപ്രവർത്തകർ, പ്രത്യേകിച്ചും വനിതാ പത്രപ്രവർത്തകർ, നേരിടുന്ന വെല്ലുവിളിയെപ്പറ്റി അവരതിൽ പറഞ്ഞിരുന്നു. വിവിധ സായുധ സംഘങ്ങൾ പത്രക്കാരെ ഭീഷണിപ്പെടുത്തുന്നതിനെപ്പറ്റി, ചില പ്രത്യേക കാര്യങ്ങൾ പ്രസിദ്ധീകരക്കേണ്ടതിനെപ്പറ്റി, പലതും മൂടിവയ്ക്കേണ്ടതിനെപ്പറ്റിയെല്ലാം ഇവർ ഭീഷണിപ്പെടുത്തുന്നുണ്ട്. അവർ തരുന്ന വാർത്ത കൊടുത്തില്ലെങ്കിൽ കൊന്നുകളയുമെന്ന് ചിലർ ഭീഷണിപ്പെടുത്തുമ്പോൾ, അതുകൊടുത്താൽ കൊന്നുകളയുമെന്ന് എതിർഗ്രൂപ്പുകാർ ഭീഷണിപ്പെടുത്തും.

ഉമ തരായിയിൽ നിന്ന് ഖാത്മാണ്ഡുവിലേക്ക് താമസം മാറ്റാൻ പ്ലാനിട്ടു വരികയായിരുന്നു. ഖാത്മാണ്ഡുവിലാകുമ്പോൾ ദേശീ

യവും വിദേശീയവുമായ പത്രപ്രവർത്തകരുടെ സാന്നിധ്യമുള്ളതിനാൽ കൂടുതൽ സുരക്ഷിതത്വം ലഭിക്കുമെന്ന് അവർ കരുതി. പക്ഷെ താമസം മാറ്റും മുമ്പേ അവരെ കൊന്നുകളഞ്ഞു. നീപ്പാളിൽ ഒരു ഡസനിലേറെ പത്രപ്രവർത്തകർ കൊല്ലപ്പെട്ടിട്ടുണ്ടെങ്കിലും ഒരു വനിതാ പത്രപ്രവർത്തക കൊല്ലപ്പെടുന്നത് ഇതാദ്യമാണ്.

രാഷ്ട്രീയക്കാരും ക്രിമിനലുകളും തമ്മിൽ വ്യത്യാസമില്ലാതാകുമ്പോൾ, ജനാധിപത്യം പോലും അരക്ഷിതമാകുമെന്നതിന്റെ ഒരു ഉദാഹരണമാണ് ഉമാ സംഭവം. ഇന്ത്യയിൽ നാമിത് അനുഭവിച്ചറിഞ്ഞവരാണ്. സായുധ സമരമൊന്നുമില്ലാത്ത സംസ്ഥാനങ്ങളിൽപോലും ഇങ്ങനെയൊക്കെ സംഭവിക്കാറുണ്ട്. കാശ്മീർ, വടക്കു കിഴക്കൻ സംസ്ഥാനങ്ങൾ എന്നിങ്ങനെ ദീർഘകാലമായി അതിക്രമങ്ങൾ നടന്നുവരുന്ന സംസ്ഥാനങ്ങളിൽ പ്രവർത്തിച്ചു വരുന്ന പത്രക്കാർ പലരുടേയും തോക്കുകൾക്ക് കീഴിൽ നിന്നുകൊണ്ടാണ് പ്രവർത്തിക്കുന്നത്.

പത്രക്കാരുടെ ജോലി റിപ്പോർട്ടിങ് മാത്രമാണെന്നും വേട്ടയല്ലെന്നുകൂടി ഉമാസംഭവം വ്യക്തമാക്കുന്നു ഉദാഹരണത്തിന് ഈയിടെ മംഗലാപുരത്തുണ്ടായ സംഭവം പലരും അവഗണിച്ചു. അതൊക്കെ പത്രക്കാർ ഊതിവീർപ്പിച്ചതാണെന്ന് പലരും വാദിച്ചു. പക്ഷെ പെൺകുട്ടികളെ കടന്നാക്രമിച്ചത് ഊതിവീർപ്പിച്ചതല്ല. ടെലിവിഷനിൽ നാം അത് കണ്ടതാണ്. ആ രംഗങ്ങൾ ആവർത്തിച്ചു പ്രദർശിപപ്പിച്ചത് ശരിയല്ലായിരിക്കാം; എന്നാൽ അതുണ്ടായില്ലെന്നു പറയുന്നത് ശരിയല്ല. ഉമ റിപ്പോർട്ട് ചെയ്തിരുന്നതും കഥകളല്ല. സത്യത്തിൽ സംഭവിച്ച കാര്യങ്ങളാണ്.

ഹിമാൽ മാസികയുടെ പത്രാധിപരും നീപ്പാളിലെ ധീരരായ പത്രപ്രവർത്തകരിലൊരാളുമായ കനകമണി ദീക്ഷിത് ഉമാസിങ്ങിന്ന് ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ട് "റിപ്പബ്ലിക്ക"യിൽ ഇങ്ങനെ എഴുതി.

പത്രപ്രവർത്തകർക്കുള്ള ഭീഷണികൾ വ്യാപകമാണ്. എവിടെ നിന്നെല്ലാമെന്നു പറയാനാവില്ല. എന്നിട്ടും പത്രപ്രവർത്തകരോട് ധീരമായി പ്രവർത്തിക്കാനും തത്വാധിഷ്ഠിതമായി പ്രവർത്തിക്കാനും ആവശ്യപ്പെടുന്നു. വധിക്കപ്പെട്ട ഉമാസിങ്ങിനെപ്പോലുള്ള ജർണലിസ്റ്റുകൾ രാജ്യത്താകെയുണ്ട്. ജനാധിപത്യ രീതി പുന:സ്ഥാപിതമായ 1990ന്നു ശേഷം നീപ്പാളിലെ പത്രപ്രവർത്തനം വളരെ പുരോഗമിച്ചിട്ടുണ്ട്. പത്രപ്രവർത്തന രംഗത്തെ ധീരതക്കും അർപ്പണ മനോഭാവത്തിന്നും പ്രൊഫഷനലിസത്തിന്നും ഉമ മാതൃകയായിരുന്നു. ജനങ്ങൾക്കിടയിൽ ജനാധിപത്യ ബോധം വളർത്താൻ അവർ മൗലിക സ്വാതന്ത്ര്യങ്ങളെ കരുവാക്കി. പത്രപ്രവർത്തന സ്വാതന്ത്ര്യത്തിന്നും പ്രൊഫഷനലിസത്തിന്നും വേണ്ടിയുള്ള യത്നത്തിന്ന് അറുതിയൊന്നുമില്ല. അതൊരു അവിരാമ യാത്രയാണ്. നാട്ടിലെ അരാജകത്വത്തിന്നിടയിൽ പണിയെടുക്കുന്നതിന്റെ ആപത്തുക്കളെപ്പറ്റി ഉമക്കറിയാമായിരുന്നു. എന്നാലും അവർ മൗനം പാലിക്കാൻ തയ്യാറില്ലായിരുന്നു. റേഡിയോ ശ്രോതാക്കൾക്കും പത്രവായനക്കാർക്കും തന്റെ സ്വതന്ത്രമായ പത്രപ്രവർത്തനം സുപ്രധാനമാണെന്ന് അവർ മനസ്സിലാക്കിയിരുന്നു. ഭീകരമായ ക്രൂരതകൾക്കിടയിൽ ഉമ ഒറ്റക്കാണ് മരിച്ചത്-ജനാധിപത്യത്തിന്നു വേണ്ടിയുള്ള ഒരു പോരാളിയായിട്ടായിരുന്നു ആ മരണം. ❑

# ഹൈന്ദവ താലിബാനിസം കൂടുതൽ ഭീകരമാകും

ഫെബ്രുവരി ആറാം തിയ്യതി മംഗലാപുരത്തു നടന്ന അതിക്രമം ഇന്ത്യയിലെ വിവേകശാലികളെയെല്ലാം ഇരുത്തി ചിന്തിപ്പിക്കേണ്ടതാണ്. നാം എങ്ങോട്ടാണ് പോകുന്നത്? ഇതിന്റെയെല്ലാം അന്ത്യം എന്തായിരിക്കും? ഇന്ത്യ നേടുന്നുണ്ടെന്ന് അവകാശപ്പെടുന്ന സാമ്പത്തിക പുരോഗതിയെല്ലാം പാശ്ചാത്യർ തൻകാര്യം കാണാനായി നൽകുന്ന വെറും കടലാസ് സർട്ടിഫിക്കറ്റുകളല്ലേ? യഥാർത്ഥത്തിൽ നാം കിണറ്റിലെ തവളകളല്ലേ? പണ്ട് എം. ഗോവിന്ദൻ ചോദിച്ചതുപോലെ, അൽപം ചിന്താച്ചാലെന്ത്?

മംഗലാപുരത്തെ സെന്റ് അലോഷ്യസ് കോളേജിൽ പ്രീ യൂണിവേഴ്സിറ്റി രണ്ടാം വർഷ വിദ്യാർത്ഥിനിയായ(കേരളത്തിലെ +2 വിദ്യാർത്ഥിനിക്കൊപ്പം വരും) ശ്രുതി എന്ന പെൺകുട്ടിയെ ഒരു "വാനര"സംഘം റാഞ്ചികൊണ്ടുപോയെന്നാണ് കേസ്. ബസ്സിൽ സഞ്ചരിക്കുകയായിരുന്ന ശ്രുതിയേയും ഷബീബ് എന്ന മറ്റൊരു വിദ്യാർത്ഥിയേയും അവർ വലിച്ചിറക്കി. മുസ്ലീം യുവാക്കളോടൊന്നല്ല, ഹിന്ദു യുവാക്കളോടുപോലും സംസാരിച്ചു പോകരുതെന്നായിരുന്നു അവരുടെ ആജ്ഞ. രണ്ടുപേരേയും ഒരു ഓട്ടോറിക്ഷയിൽ പിടിച്ചു കയറ്റി ഏതാണ്ട് 20 കിലോമീറ്റർ ദൂരെയുള്ളൊരു സ്ഥലത്തേക്ക് കൊണ്ടുപോയി. അവിടെ വച്ച് രണ്ടുപേരേയും മർദ്ദിച്ച ശേഷം ശ്രുതിയെ വിട്ടയച്ചു. ഷബീബിനെ രാത്രിയാണ് മോചിപ്പിച്ചത്. കർണാടകം ഒരു വെള്ളരിക്കാപട്ടണമായിക്കഴിഞ്ഞു എന്നർത്ഥം.

ആണും പെണ്ണും തമ്മിൽ സംസാരിച്ചുകൂടാ, പുരുഷന്മാർ സ്ത്രീകളെ കണ്ടുകൂടാ, ആൺ തുണയില്ലാതെ പുറത്തിറങ്ങിക്കൂടാ; സ്ത്രീകൾ അടുക്കളയിലും കിടപ്പുമുറിയിലുമായി ജീവിതം നയിക്കണം എന്നൊക്കെ ശഠിക്കുന്ന പാക്-അഫ്ഘാൻ താലിബാന്മാരുടെ ഹൈന്ദവാവതാരങ്ങളാണ് ഈ വാനര സേനയെന്നതിൽ സംശയമില്ല. ജനങ്ങളിൽ 99 ശതമാനവും ശാന്തമായ, സമാധാനപരമായ, ജീവിതം നയിക്കാൻ ആഗ്രഹിക്കുന്നവരാണ്. അവരെ ഭയപ്പെടുത്തി ഒതുക്കി നിർത്തുക എന്നതാണീ വാനരന്മാരുടെ ലക്ഷ്യം. മനുഷ്യാവകാശമെന്നല്ല, എല്ലാ അവകാശങ്ങളും നഷ്ടപ്പെട്ടാലും ശാന്തമായി ജീവിക്കാൻ ആളുകൾ ആഗ്രഹിക്കുന്നുവെന്നതാണ് ഈ തെമ്മാടിക്കൂട്ടത്തിന്റെ യഥാർത്ഥ ആയുധം. സമൂഹം ഇവർക്കുമുന്നിൽ ചൂളിപ്പോകുന്നു.

സ്വാതന്ത്ര്യം എന്റെ ജന്മാവകാശമാണെന്നു പറയാനും അതനുസരിച്ച് പ്രവർത്തിക്കാനും സമൂഹത്തിൽ ഒരു പിടി പേരുണ്ടെങ്കിൽ, ഈ വാനരസേന പെട്ടെന്ന് അപ്രത്യക്ഷമാകും. പക്ഷെ ജനങ്ങൾക്കിടയിലെ സാമൂഹ്യബോധം നാൾക്കുനാൾ ക്ഷയിച്ചുവരുന്നതായിട്ടാണ് കാണുന്നത്. സ്വാർത്ഥ താൽപര്യം മറ്റെല്ലാ താൽപര്യങ്ങളേയും കീഴ്പ്പെടുത്തുന്നതാണ് അതിന്നു കാരണം. ബസ്സ് ജീവനക്കാരുടെ നേരെ ഒന്നു തുറിച്ചു നോക്കിയാൽ അതിന്റെ പേരിൽ പണിമുടക്കു നടത്തുന്നവർ ബസ്സിൽ നിന്നൊരു പെൺകുട്ടിയെ വലിച്ചിറക്കിക്കൊണ്ടു പോകുന്നതു കണ്ടിട്ടും ഒന്നും ചെയ്തില്ലെന്നോർക്കുമ്പോൾ ഓരോ ഭാരതീയന്റെയും തല നാണം കൊണ്ട് താഴ്ന്നു പോകേണ്ടതല്ലേ? ബസ്സിലെ മറ്റു യാത്രക്കാർക്കും

നാട്ടുകാർക്കും ഇതിലൊന്നും ഇടപെടാൻ തോന്നിയില്ലെന്നതോ പോകട്ടെ, വിവരം അറിഞ്ഞിട്ടും ഒരു നടപടിയുമെടുക്കാതെ ഞഞ്ഞപിഞ്ഞ പറഞ്ഞ് ഒഴിഞ്ഞുമാറിയ പോലീസിനെപ്പറ്റി എന്തു പറയണം? നിയമം അതിന്റെ വഴിക്കു പോകുമെന്നു പറയുന്ന മുഖ്യമന്ത്രിക്ക് നിയമത്തെ നേർവഴിക്കാക്കാനാവില്ലെങ്കിൽ, ആ ചുമതല മറ്റാരെയെങ്കിലും ഏൽപിച്ച് ഇറങ്ങിപ്പോയിക്കൂടേ?

യാദൃശ്ചികമായി പ്രധാനമന്ത്രി പദത്തിൽ വന്നുപെട്ടവർക്കും നാളെ പ്രധാനമന്ത്രിയാകാമെന്ന് മോഹിച്ച് കഴിയുന്നവർക്കും ഈ താലിബാനിസത്തിന്റെ വിപത്തിനെക്കുറിച്ച് അശേഷം ചിന്തയില്ലെന്നു തോന്നുന്നു. പാക് താലിബാന് ഒന്നുമില്ലെങ്കിൽ ഒരു പ്രാകൃത തത്വശാസ്ത്രമുണ്ട്; ഒരു നേതാവുണ്ട്; ആചാര്യനുണ്ട്. ഹൈന്ദവ താലിബാനിസത്തിന്നോ? ഇവിടെ ഓരോ ജില്ലക്കും ഓരോ താലിബാനുണ്ടാകും. ഓരോ ജാതിക്കാർക്കും ഓരോ ഗോത്രവർഗ്ഗക്കാർക്കും സ്വന്തം താലിബാനുണ്ടാകും. ഇവരെല്ലാം അവരവരുടേതായ താലിബാനിസം മറ്റുള്ളവരുടെമേൽ അടിച്ചേൽപ്പിക്കാൻനിന്നാൽ എന്താകും സ്ഥിതി? ഇരുപതു കൊല്ലം മുമ്പ് ശ്രീലങ്കയിൽ തമിഴർ സമരമാരംഭിച്ചപ്പോൾ, അതിൽ അര ഡസൻ തമിഴ് സംഘടനകൾ അണിനിരന്നിരുന്നു. പിന്നീട് പുലി നേതാവായ പ്രഭാകരൻ ഓരോ തമിഴ് സംഘത്തെയായി എല്ലാറ്റിനേയും നശിപ്പിച്ചു. ഇപ്പോൾ പ്രഭാകരന്റെ പുലികൾ മാത്രമാണവശേഷിക്കുന്നത്. അതുകൊണ്ടുതന്നെ അവരെ നശിപ്പിക്കുക ശ്രീലങ്കാ ഗവർമ്മേണ്ടിന്ന് സുഗമമായിത്തീരുന്നു. ഇന്ത്യയിൽ ഇത്തരമൊരു സ്ഥിതിയുണ്ടായാലെന്തു സംഭവിക്കുമെന്ന് ഓർത്തു നോക്കൂ. ഇന്ത്യയുടെ കുറെ ഭാഗം ചീന കൊണ്ടുപോകും; കുറെ ഭാഗം പാക്കിസ്താൻ കയ്യടക്കും; റഷ്യയും അമേരിക്കയുമെല്ലാം രംഗത്തു ചാടിവീണേക്കാം. ഒരു പക്ഷെ ശ്രീലങ്കയിലെ പ്രഭാകരനെപ്പോലെ ഇന്ത്യയിൽ ഒരു വിക്രമിയോ മറ്റോ ഒരു എസ്റ്റേറ്റിന്നുടമയായി കഴിഞ്ഞേക്കാം. അല്ലെങ്കിൽ അവസാനത്തെ മുഗൾ ചക്രവർത്തിയെപ്പോലെ അധീശരാജ്യങ്ങളിൽ നിന്നും പെൻഷൻ വാങ്ങി കഴിഞ്ഞുകൂടിയെന്നുവരാം.

അധികാരം നിലനിർത്താനായാലും അധികാരം കയ്യടക്കാനായാലും ആരും ആർത്തി കാണിക്കരുത്. ആദർശങ്ങളും തത്വശാസ്ത്രങ്ങളും ബലികഴിച്ചാൽ പിന്നെ, വ്യക്തിക്കെന്നപോലെ രാഷ്ട്രത്തിന്നും നിലനിൽപുണ്ടാവില്ല. ആദർശങ്ങളെയെല്ലാം കാറ്റിൽ പറത്തിയ 1967 മുതൽക്കാണ് ഇന്ത്യയുടെ അധഃപതനമാരംഭിച്ചതെന്ന് എല്ലാവരും ഓർത്തിരിക്കുന്നത് നല്ലതാണ്. ഗാന്ധിജിക്ക് ഒരധികാരവുമുണ്ടായിരുന്നില്ല; എന്നാൽ അദ്ദേഹം ആദർശത്തിൽ കടുകിട വിട്ടുവീഴ്ച ചെയ്യാറില്ല. നെഹ്റുവും ലാൽ ബഹദൂർ ശാസ്ത്രിയും ആ പാരമ്പര്യം നിലനിർത്തി. ഇന്ദിരാഗാന്ധിയിലെത്തുന്നതോടെ ആദർശം അലങ്കാരമാകുന്നു; അധികാരമായിരുന്നു അവരുടെ നിലനിൽപിന്നാധാരം. പിന്നീടിങ്ങോട്ട് നമുക്ക് കേൾക്കാനുള്ളത് അഴിമതികളുടെ ഇരമ്പലാണ്. അധികാരിവർഗ്ഗവും പ്രതിപക്ഷവർഗ്ഗവും തമ്മിൽ അഴിമതി നടത്തുന്നതിലൊരു കിടമത്സരമാണിന്നു നടക്കുന്നത്. അതും അപര്യാപ്തമായി വന്നതാണ്. അധികാരികളോട് എന്തെങ്കിലും പറഞ്ഞിട്ട് കാര്യമില്ല. ചളിയിൽ വീണ ആനയെപ്പോലെ അത് കൂടുതൽ കൂടുതൽ ആണ്ടുപോകുകയേയുള്ളൂ.

പൗരന്മാർ - ഓരോ പൗരനും - താലിബാനിസത്തിന്നെതിരായ മനോഭാവം ഉൾക്കൊള്ളണം ഓരോ കുട്ടിയേയും അതിൽ ബോധവാന്മാരാക്കുകയും വേണം. ❑



# കിണറുകൾ തിരിച്ചു പിടിക്കുക

- ടി.ഐ. ലാലു -

**കാ**നഡയിലെ ടൊറാന്റോ നഗരത്തിൽ കഴിഞ്ഞ മാസം മുതൽ കുപ്പിവെള്ളത്തിന്റെ വിൽപ്പന നിരോധിച്ചിരിക്കുകയാണ്. പാരിസ്ഥിതിക വിനാശത്തിന്നു കാരണമാകുന്ന കുപ്പിവെള്ളം നിരോധിക്കുക മാത്രമല്ല നഗരവാസികളുടെ കുടിവെള്ളാവശ്യങ്ങൾ നിർവ്വഹിക്കുന്നതിന്നായി പൊതുവിതരണ ശൃംഖലകൾ ശക്തിപ്പെടുത്തുവാനും തീരുമാനിച്ചിട്ടുണ്ട്. കുപ്പിവെള്ളത്തിന് നിരോധനം ഏർപ്പെടുത്തുവാനും പൈപ്പുവെള്ള വിതരണം കാര്യക്ഷമമാക്കാനും മുന്നോട്ടു വന്നിട്ടുള്ള പട്ടണങ്ങളിൽ ഏറ്റവും വലുതാണ് ടൊറാന്റോ. കാനഡയിലേയും അമേരിക്കയിലേയും പല വൻ നഗരങ്ങളും ഇത്തരം നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിലും ഇവരെപ്പോലെ സമഗ്രമായ നീക്കം നടത്തുവാൻ അവർക്കാർക്കും കഴിഞ്ഞിട്ടില്ല.

വടക്കേ അമേരിക്കയിലെ ജനങ്ങൾ കുറച്ചുകാലമായി നാനാപ്രകാരത്തിൽ കുപ്പിവെള്ളത്തിന്നെതിരെ നടത്തിയ പ്രചരണത്തിന്റെ ഫലം കൂടിയാണ് ടൊറാന്റോയുടെ ഈ കർശന നടപടി. ഇവിടങ്ങളിലെ ഭൂരിഭാഗം ജനങ്ങൾക്കും ശുദ്ധമായ കുടിവെള്ളം പൈപ്പുവഴി ലഭ്യമാണെന്നിരിക്കേ കുപ്പിവെള്ളം അനാവശ്യവും ദുർചെലവുമാണെന്ന അവബോധം സൃഷ്ടിച്ചെടുക്കാൻ അവർക്കു കഴിഞ്ഞിട്ടുണ്ട്. 2005ൽതന്നെ കാനഡയിൽ കുപ്പിവെള്ളത്തിനെതിരെ ബഹുജന പ്രസ്ഥാനങ്ങൾ രൂപപ്പെടുകയുണ്ടായി. ഇതേ തുടർന്ന് ആശുപത്രികൾ, മതസംഘടനകൾ, ട്രേഡ് യൂണിയനുകൾ, ഹോട്ടലുകൾ, മുനിസിപ്പാലിറ്റികൾ എന്നിവ കുപ്പിവെള്ളം ഉപേക്ഷിച്ച് പൈപ്പുവെള്ളത്തിലേക്ക് മടങ്ങി. അവിടങ്ങളിലെ ജനപ്രതിനിധികളും കുപ്പി വെള്ളത്തിനെതിരായി പിന്തുണ പ്രഖ്യാപിച്ചതുകൊണ്ടാണ് ഔദ്യോഗികമായി നിയന്ത്രണം ഏർപ്പെടുത്തുവാനും മറ്റും കഴിഞ്ഞത്. കുപ്പിവെള്ള ലോബിയുടെ എല്ലാതരം പ്രലോഭനങ്ങളേയും അതിലംഘിച്ചുകൊണ്ടാണ് ഈ നിരോധനം സാധ്യമായത്. ടൊറാന്റോ ആസ്ഥാനമായി പ്രവർത്തിക്കുന്ന ആക്ടിവിസ്റ്റുകൾ, പൊതുതാൽപര്യ സംഘങ്ങൾ, വിദ്യാർത്ഥി സംഘടനകൾ, ട്രേഡ് യൂണിയനുകൾ, പരിസ്ഥിതി പ്രസ്ഥാനക്കാരും മറ്റും കൂടിച്ചേർന്നുകൊണ്ട് നടത്തിയ ശ്രമങ്ങൾ ഈ നീക്കത്തിനു ഫലമേകി. കുപ്പിവെള്ളത്തിനെതിരായി നിലകൊള്ളുന്നവർക്ക് ആവേശവും പ്രചോദനവും ഏകുന്ന ഒന്നാണ് ഇത്. കാനഡയിലെ അഞ്ചു പ്രവിശ്യകളിലായി പതിനേഴ് മുനിസിപ്പാലിറ്റികൾ ഇതിനോടകം കുപ്പിവെള്ളം നിരോധിച്ചിട്ടുണ്ട്. പല മുനിസിപ്പാലിറ്റികളും നിരോധനത്തിന്റെ വഴിയിലാണ്.

പൈപ്പുവെള്ളത്തിലേക്ക് മടങ്ങുക എന്നതാണ് കാനഡയിലേയും അമേരിക്കയിലേയും ജലനീതി പ്രവർത്തകരുടെ മുദ്രാവാക്യം. കഴിഞ്ഞ വർഷം ആരംഭത്തിൽ ലണ്ടൻ മേയർ കെൻ ലീവിങ്സ്റ്റൺ കുപ്പിവെള്ളത്തിനെതിരായ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്നതായ പത്രറിപ്പോർട്ടുകളുണ്ടായിരുന്നു.

കുപ്പി വെള്ളത്തിനായി ഗ്രാമീണ

രുടെ കുടിവെള്ളം മുട്ടിക്കുന്ന ബഹുരാഷ്ട്ര കുത്തകകൾക്കെതിരെ ശക്തവും ദിർഘവുമായ പ്രക്ഷോഭങ്ങൾ നടന്ന പ്ലാച്ചിമട ഉൾപ്പെടുന്ന കേരള സംസ്ഥാനത്ത് ഒരിടത്തുപോലും കുപ്പിവെള്ളത്തിന് നിരോധനം ഏർപ്പെടുത്താൻ ഇനിയും നമുക്ക് കഴിഞ്ഞിട്ടില്ല. വൈദ്യുതി ഉത്പാദനത്തിനായി ജനറേറ്റർ ഇറക്കുമതി ചെയ്യാൻ കാനഡയെ ആശ്രയിച്ചിട്ടുള്ള കേരളത്തിന് കുപ്പിവെള്ള സമരത്തിന്റെ തന്ത്രങ്ങൾ കാനഡയിൽനിന്ന് ഇറക്കുമതി ചെയ്യുന്നതിനെക്കുറിച്ച് ആലോചിക്കാവുന്നതാണ്. കുപ്പിവെള്ളത്തിനായി കുടിവെള്ളം ഊറ്റിയെടുക്കുന്നതുമൂലം ദുരിതമനുഭവിക്കുന്നവരുടെ പ്രശ്നങ്ങളിൽ മാത്രം ഒതുങ്ങി കൊണ്ടാണ് പ്ലാച്ചിമട സമരം മുന്നേറിയത്. പ്രകൃതിയുടെ വരദാനമായ കുടിവെള്ളം കുത്തക കച്ചവടമാക്കുന്ന ചെട്ടിമിടുക്കിനെതിരായ സമരമായി അതു വികസിക്കേണ്ടതായിരുന്നു. വടക്കേ അമേരിക്കയിലേതുപോലെ മുഴുവൻ ബഹുജന പ്രസ്ഥാനങ്ങളുടേയും പങ്കാളിത്തമുള്ള മുന്നണിയാണ് രൂപമെടുക്കേണ്ടിയിരുന്നത്.

കുപ്പിവെള്ള മാനിയയുള്ള ഒരു ജനതയാണ് നമ്മുടേത്. നമ്മുടെ നാട്ടിലെ പെട്ടികടകളിൽപോലും കുപ്പിവെള്ള കച്ചവടം പൊടിപൊടിക്കുന്നുണ്ട്. കുപ്പിവെള്ളം മാലിന്യ വിമുക്തമാണ് എന്ന അബദ്ധ ധാരണയും പരിഷ്കാര ത്വരയുമാണ് മലയാളികളെ കുപ്പിവെള്ള കുടിയന്മാരാക്കിയതെന്നു തോന്നുന്നു. പോരാത്തതിന് നമ്മുടെ നാട്ടിലെ കുടിവെള്ളം ആകെ മലിനമാണെന്ന വിദഗ്ദ റിപ്പോർട്ടുകൾ മാധ്യമങ്ങളിൽ ഇടക്കിടെ പ്രത്യക്ഷപ്പെടാറുമുണ്ടല്ലോ. കുപ്പിവെള്ള ലോബിയുടെ ദുഷ്ട ലാക്ക് ഇത്തരം റിപ്പോർട്ടുകൾക്ക് പിന്നിലുണ്ടെന്ന് ന്യായമായും സംശയിക്കേണ്ടിയിരിക്കുന്നു. കഴിഞ്ഞ നൂറ്റാണ്ടിലേയും ഈ നൂറ്റാണ്ടിലേയും ഏറ്റവും വലിയ രണ്ട് മാർക്കറ്റിങ് അത്ഭുതങ്ങളിൽ ഒന്നാണ് കുപ്പിവെള്ളം. മറ്റൊന്ന് മൊബൈൽ ഫോണാണ്. നമ്മുടെ കുടിവെള്ള സ്രോതസ്സുകൾ മലിനമാണെങ്കിൽ അതൊരു പൊതു പ്രശ്നമാണെന്ന് തിരിച്ചറിഞ്ഞ് അതു തടയുന്നതിനുള്ള മാർഗ്ഗങ്ങൾ കൂട്ടായി കണ്ടെത്തുകയാണ് വേണ്ടത്.

പൈപ്പിലേക്ക് മടങ്ങുക (back to the pipe) എന്ന വടക്കെ അമേരിക്കയിലെ ജലനീതിക്കാരുടെ മുദ്രാവാക്യത്തിന് നമ്മുടേതായ ഒരു ഭേദഗതി വരുത്തേണ്ടതുണ്ട്. കിണറിലേക്ക് മടങ്ങുക/ കിണറുകൾ തിരിച്ചുപിടിക്കുക എന്നതാവണം നമ്മുടെ മുദ്രാവാക്യം. പണ്ടൊക്കെ നാം വീടിന് കുറ്റിയടിക്കുന്നതിനോടൊപ്പം കിണറിനുള്ള സ്ഥാനവും കാണുന്ന പതിവുണ്ടായിരുന്നു. വീടുപണി കഴിയുന്നതിനു മുൻപേ കിണറിന്റെ പണി തീർന്നിരിക്കും. അതായിരുന്നു മലയാളിയുടെ ചിട്ട. ഇതിനുപുറമെ ഒട്ടേറെ പൊതു കിണറുകളും നമ്മുടെ നാട്ടിലുണ്ടായിരുന്നു. ഈ പാരമ്പര്യം നമ്മെ കുടിവെള്ളത്തിന്റെ വിഷയത്തിൽ സ്വാവലംബരാക്കിയിരുന്നു. കിണറിൽനിന്ന് വെള്ളം കോരുന്നത് ജന്മാവകാശമായിരുന്നു. കിണർ പൊതു സ്വത്തായിരുന്നുവെന്ന് ചുരുക്കം. കുടിവെള്ളം യാതൊരു ചെലവും കൂടാതെ ലഭ്യമായിരുന്നു. കിണറ്റിൻകര സ്ത്രീകളുടെ പൊതു ഇടവുമായിരുന്നു. ആശയ വിനിമയത്തിന്റെ പങ്കുവയ്ക്കലിന്റെ സംഗമ സ്ഥാനം. ഇന്ന് ആ സ്ഥിതിയൊക്കെ മാറി. കുടിവെള്ളം കുപ്പിയിലുണ്ടാകുന്ന ഒന്നാണെന്ന് പുതിയ തലമുറ കരുതുന്ന അവസ്ഥ വൈകാതെ വന്നേക്കും. അത് ഒഴിവാക്കാൻ കിണറിനെ മുഖ്യ സ്ഥാനത്ത് പ്രതിഷ്ഠിക്കാൻ നാം തയ്യാറാകേണ്ടതുണ്ട്. (പാഠഭേദം)

# ജഡ്ജിമാർ തന്നെ അവരുടെ സ്വത്തുവിവരം വെളിപ്പെടുത്തണം

പൊതു ജീവിതത്തിലെ വിശുദ്ധിക്കും സുതാര്യതക്കും വേണ്ടി സുപ്രീം കോടതിയിലേയും ഹൈക്കോടതികളിലേയും ജഡ്ജിമാർ തങ്ങളുടെ സ്വത്തുവിവരം സ്വയം വെളിപ്പെടുത്തണമെന്ന് ഇന്ത്യയിലെ പ്രഗത്ഭ പൗരന്മാർ ഒത്തുചേർന്ന് ആവശ്യപ്പെട്ടു.

ജഡ്ജിമാർ തങ്ങളുടെ സ്വത്തുവിവരം ചീഫ് ജസ്റ്റീസിന്ന് നൽകണമെന്ന് 1997ൽ ജഡ്ജിമാരുടെ സമ്മേളനം തീരുമാനിച്ചിരുന്നു. 1999ൽ ഈ തീരുമാനം ആവർത്തിക്കപ്പെടുകയുണ്ടായി. ഉയർന്ന സ്ഥാനത്തിരിക്കുന്ന ജഡ്ജിമാർക്കിടയിൽ ഉത്തരവാദിത്വബോധം കുറവാണെന്ന ഒരു ധാരണ ഉളവായതാണ് ഇത്തരം പ്രമേയങ്ങൾ പാസാക്കാനിടയായത്. മാത്രമല്ല, എല്ലാ സർക്കാർ ജീവനക്കാരും അവരുടെ സ്വത്തുവിവരം സർക്കാരിന്നു നൽകിയിരിക്കണമെന്ന നിയമത്തിന്ന് അനുയോജ്യമായ ഒരു തീരുമാനവുമാണിത്.

തിരഞ്ഞെടുപ്പിൽ മത്സരിക്കുന്ന സ്ഥാനാർത്ഥികൾ അവരുടെ സ്വത്തുവിവരം വെളിപ്പെടുത്തണമെന്ന് സുപ്രീംകോടതി വിധിച്ചിട്ടുണ്ട്. അതിന്ന് പറഞ്ഞ കാരണം അധികാര സ്ഥാനങ്ങളിലിരിക്കുന്ന എല്ലാ ജീവനക്കാർക്കും ബാധകവുമാണ്.

ഏതായാലും 2005ൽ വിവരാവകാശ നിയമം പാസാക്കിയിട്ടുണ്ട്. സർക്കാർ ജീവനക്കാർ ഗവർമ്മേണ്ടിന്നോ മറ്റു അധികാര സ്ഥാനങ്ങൾക്കോ നൽകിയ സ്വത്തുവിവരം, വിവരാവകാശ നിയമപ്രകാരം ഏതു പൗരനും ലഭ്യമാക്കേണ്ടതാണ്. വിവരാവകാശ നിയമത്തിൽ ചില വിവരങ്ങൾ വെളിപ്പെടുത്തുന്നത് തടഞ്ഞിട്ടുണ്ടെങ്കിലും അത് സ്വത്തുവിവരം വെളിപ്പെടുത്തുന്നതിനെ തടയുന്നില്ല.

സുപ്രീം കോടതിയിലേയും ഹൈക്കോടതികളിലേയും ജഡ്ജിമാർ തങ്ങളുടെ സ്വത്തുവിവരം പ്രസിദ്ധീകരിക്കുന്നത് അഭിലഷണീയമായിരിക്കുമെന്ന് സുപ്രീംകോടതി ചീഫ് ജസ്റ്റീസായിരുന്ന ജ: ജെ.എസ്. വർമ്മ, ജ: വി.ആർ. കൃഷ്ണയ്യർ തുടങ്ങിയ പല പ്രഗത്ഭരും അഭിപ്രായപ്പെട്ടിട്ടുള്ളതാണ്. അവരങ്ങനെ ചെയ്താൽ രാജ്യത്തിലെ സുതാര്യതക്ക് അതൊരു മാതൃകയായിത്തീരും. അപ്പോൾ മറ്റുള്ളവരും ഈ മാതൃകയെ അനുകരിക്കാൻ നിർബ്ബദ്ധരാകും. ജഡ്ജിമാർ ഇത്തരത്തിൽ സ്വയമേവ സ്വത്തുവിവരം വെളിപ്പെടുത്തുന്നപക്ഷം, അതായത് വിവരാവകാശ നിയമപ്രകാരം സ്വത്തുവിവരം വെളിപ്പെടുത്താൻ നിർബ്ബദ്ധരാകുന്നതിന്നു മുമ്പുതന്നെ, സ്വത്തുവിവരം വെളിപ്പെടുത്തുന്നപക്ഷം അതൊരു രാജ്യതന്ത്രജ്ഞതയായി സാർവ്വത്രികമായി അനുമോദിക്കപ്പെടും. സർക്കാർ ജീവനക്കാരുടെ സത്യസന്ധതയെക്കുറിച്ചും ആർജ്ജവബുദ്ധിയെക്കുറിച്ചും പരക്കെ സംശയമുയർന്നിരിക്കുന്നതായ ഒരു കാലഘട്ടത്തിൽ ജഡ്ജിമാർ ഇങ്ങനെ ചെയ്യുന്നത് പ്രകീർത്തിക്കപ്പെടും. പൊതു ജീവിതത്തിൽ സത്യസന്ധതയും സുതാര്യതയും വേണമെന്ന് വാദിക്കുന്നവർക്ക് ഇതൊരു താങ്ങായിത്തീരും.

അതിനാൽ സ്വമേധയാ സ്വത്തുവിവരം വെളിപ്പെടുത്തി സർക്കാർ ജീവനക്കാർക്കൊരു മാതൃകയാകാൻ ഞങ്ങൾ അഭ്യർത്ഥിക്കുന്നു.

രണ്ടു ഡസനിൽപരം പ്രഗത്ഭ പൗരന്മാർ ഒപ്പിട്ട ഒരാഹ്വാനമാണ് ഇന്ത്യൻ ചീഫ് ജസ്റ്റീസിന്നും ജഡ്ജിമാർക്കും ഹൈക്കോടതി ജഡ്ജിമാർക്കും സമർപ്പിക്കപ്പെട്ടിട്ടുള്ളത്. മുൻ നാവികസേനാധിപതി അഡ്മിറൽ തഹിലിയാനി, വിവരാവകാശ നിയമത്തിന്നും തൊഴിലുറപ്പു പദ്ധതിക്കുമുള്ള സമരങ്ങൾ നയിച്ച അരുണ റോയ്, കേന്ദ്രത്തിലെ ജലവിഭവ സെക്രട്ടറിയായിരുന്ന രാമസ്വാമി ആർ. അയ്യർ, കോമൺ കോസ് പ്രസ്ഥാനത്തിന്റെ ചെയർമാനായ വിക്രമ ലാൽ, മുൻ അമ്പാസഡർ മധു ഭാദുരി, തുടങ്ങിയവരാണ് ഈ ആഹ്വാനത്തിനൽ ഒപ്പിട്ടിരിക്കുന്നത്.

Reg. No.3551/93/L Dis Registered: KL/CR/TCR/347/2009-2011
Posted at R.M.S., Thrissur-21. Date of posting: 28-03-2009

# ഒബാമയുടെ ഒന്നാമത്തെ ഒപ്പ് തുല്യതാ ബില്ലിന്

ലിംഗഭേദം, പ്രായഭേദം, വംശഭേദം തുടങ്ങിയ വിവേചനങ്ങളുടെ അടിസ്ഥാനത്തിൽ ശമ്പളം കുറക്കുന്നതിന്നെതിരായ ബില്ലിൽ പ്രസിഡണ്ട് ഒബാമ ഒപ്പിട്ടു. പ്രസിഡണ്ട്പദമേറ്റശേഷം ഒബാമ ഒപ്പിട്ട ആദ്യത്തെ ബില്ലാണിത്.



ലില്ലിയും ഒബാമയും

അലബാമയിലെ ഒരു ടയർ ഫാക്ടറിയിൽ ലില്ലി ലെഡ് ബറ്റർ ഒരു സൂപ്പർവൈസറായിരുന്നു. പുരുഷന്മാരായ സൂപ്പർവൈസർമാർക്ക് നൽകുന്നതിനേക്കാൾ കുറഞ്ഞ വേതനമാണ് തനിക്ക് ലഭിക്കുന്നതെന്നറിഞ്ഞ ലില്ലി കേസ് കൊടുത്തു. പക്ഷെ ഫലമുണ്ടായില്ല. 2007ൽ കേസ് സുപ്രിം കോടതിയിലെത്തിയെങ്കിലും അവരും ലില്ലിയുടെ ആവശ്യം തിരസ്കരിക്കുകയാണ് ഉണ്ടായത്.

ഗുഡ് ഇയർ ടയർ കമ്പനിയിൽ ലില്ലി 19 കൊല്ലം സൂപ്പർവൈസറായി സേവനമനിഷ്ഠിച്ചു. നിലവിലുള്ള നിയമപ്രകാരം വിവേചനാത്മകമായ വേതനം നൽകിയാൽ ആറുമാസത്തിന്നകം കേസ് കൊടുത്തിരിക്കണം.

കോടതിയിൽ രക്ഷയില്ലെന്നു കണ്ടാണ് ലില്ലി അമേരിക്കൻ കോൺഗ്രസ്സിനെ സമീപിച്ചത്. പക്ഷെ ഇതുവരെ ഭൂരിപക്ഷക്കാരായിരുന്ന റിപ്പബ്ലിക്കന്മാർ അതിനെ എതിർത്തു. ലില്ലിയുടെ ബില്ലിനെ പ്രസിഡണ്ട് ബുഷും എതിർത്തു.

ഒബാമയും ഡെമോക്രാറ്റിക് പാർട്ടിയും അധികാരത്തിൽ വന്നതോടെ സ്ഥിതിഗതികൾ ആകെ മാറി. ബുഷ് തിരസ്കരിച്ചിരുന്ന ലില്ലി ബില്ലിൽ ഒബാമ ഒപ്പുവച്ചു.

"നമ്മുടെ സമ്പദ് വ്യവസ്ഥയെ പ്രവർത്തനക്ഷമമാക്കുക എന്നതിന്നർത്ഥം അത് എല്ലാവർക്കും വേണ്ടിയുള്ളതാണെന്ന് ഉറപ്പുവരുത്തലാണ്. നമ്മുടെ ഫാക്ടറികളിൽ രണ്ടാംതരം പൗരന്മാരുണ്ടായിക്കൂടാ. അത് അന്യായമാണ്; നിയമവിരുദ്ധമാണ്; സർവ്വോപരി കെട്ട ബിസിനസ്സുമാണ്" എന്ന് ഒബാമ പറഞ്ഞു. ❑

Printed and published by : **Adv. Seby J. Pullely for Niyama Samskara Kendram, Jananeethi**, P.B. No. 8, Thottappady, Mannuthy P.O., Thrissur - 680651. Tel: 487-2373479, Fax: 487-2373281, E-mail: gpneethi@sancharnet.in / gepuli@rediffmail.com www.jananeethi.org **Printing : St.Mary's Orphanage Offset Press, Thrissur. Ph : 2425062, 2446709**

**വരിസംഖ്യ**: വാർഷികം – 50 ക., ആയുഷ്കാലം – 1000 ക.